

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ / പി5/1297/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/11/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: പി5/1297/2025 കെ.എസ്.എ.പി.റ്റി.എ / തീയ്യതി: 26/11/2025

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ രഞ്ജിത്ത്കുമാർ ജി.	ഡെപ്യൂട്ടി ഡയറക്ടർ	03-11-2025	14-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-11-2025	14-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ചന്ദ്രശേഖരൻ ജി., ഓഡിറ്റ് ഓഫീസർ
ശ്രീ. ഷൈജു വൈ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനി ജിജു ജോസഫ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി സുമ ഭായി അമ്മ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. രാധു രാധാകൃഷ്ണൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ഡോ. പ്രവീൺകുമാർ റ്റി.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2024	31-03-2025
ശ്രീമതി പൊന്നു ബി	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. സജിത എസ്. പിള്ള	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി അഖില വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1	01-04-2024	31-03-2025
ശ്രീ ശ്യാംകുമാർ എസ്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2	01-04-2024	31-03-2025
ശ്രീമതി കവിത കൃഷ്ണൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി അനുമോൾ ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി ശ്യാമലത സി.	ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്. കാരംവേലി	01-04-2024	31-03-2025
ശ്രീമതി പി.എം.പുഷ്പകുമാരി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി ദീപ എം.ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025

ശ്രീമതി രഞ്ജിനി പി.കെ	ഫിഷറീസ് ഓഫീസർ	01-04-2024	31-03-2025
ഡോ. അരവിന്ദ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	04-02-2025
ഡോ. മഞ്ജു	മെഡിക്കൽ ഓഫീസർ, ആയുർവേദം	05-02-2025	31-03-2025

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-2
4	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല	1-1-3
5	നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ആസ്തിയായി കാണിച്ചിരിക്കുന്നു	1-1-4
6	ആധികാരിക രേഖകളുടെ അഭാവത്തിൽ Deposit Works-Others എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല	1-1-5
7	ചെലവ് തുകകൾ ശരിയായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നില്ല	1-1-6
8	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല	1-1-7
9	ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-8
10	വാർഷിക കണക്കുകളിലെ തുകയും സഞ്ചയയിലെ ഡി.സി.ബി.യും പൊരുത്തപ്പെടുന്നില്ല	1-1-9
11	വാർഷിക കണക്കുകളിലെ തുകയും സേവനയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ അനർഹമായ ഇളവ് അനുവദിച്ചു	1-11
22	നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ചട്ടവിരുദ്ധമായി ക്രമവത്ക്കരിച്ചു	1-12
23	റോഡ് കട്ടിംഗ് റീസ്റ്റോറേഷന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ അപാകത	1-13
24	അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടി സ്വീകരിച്ചില്ല	1-14
25	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-15

26	ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ മുൻകാലങ്ങളേക്കാൾ കുറവ്	1-16
27	മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല	1-17
28	വെളളക്കരം കുടിശ്ശികയിനത്തിലുള്ള ബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കണം	1-18
29	കോട്ടൂർ ചിറ നവീകരണം-കുഴിച്ചെടുത്ത 1057 Cum മണ്ണ് ലേലം ചെയ്യുന്നതിൽ കാല താമസം- പഞ്ചായത്തിനു വരുമാന നഷ്ടം	1-19
30	കുടുംബശ്രീയുമായി ബന്ധപ്പെട്ട് 1.21 കോടി രൂപയുടെ ക്രമക്കേട്	1-20
31	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം	1-21
32	തെരുവ് വിളക്കുകളുടെ പരിപാലനം - വാങ്ങൽ നടപടികളിൽ അപാകം	1-22
33	നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിച്ചില്ല	1-23
34	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചില്ല	1-24
35	ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ - 21978 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു	1-25
36	കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി-കരാർ വ്യവസ്ഥ പാലിച്ചില്ല	1-26
37	ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-27
38	പി.എച്ച്.സിയ്ക്ക് 11,42,465 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു	1-28
39	ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം	1-29
40	ജലജീവൻ മിഷൻ പദ്ധതി - അവലോകനം	1-30

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.06.2025-ലെ 3-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 18.06.2025-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
26/11/2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62-ൽ നിർദ്ദേശിച്ചിട്ടുള്ള

അടിസ്ഥാന അനുപാതങ്ങൾ (Ratios), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെപ്പറ്റിയുള്ള കുറിപ്പുകൾ (Notes To Accounts) എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രിക പ്രകാരം തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ, (ഓപ്പറേറ്റിംഗ്+ഇൻവെസ്റ്റിംഗ്+ഫിനാൻസിംഗ്) 24,93,645 രൂപയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം -12,42,195 രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ രേഖകൾ ഇല്ല

1. ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ Prior Period Expenditure (I-18), Prior Period Income (I-19) ഷെഡ്യൂളുകളിൽ കാണിച്ചിട്ടുള്ള തുകകളുടെ കൃത്യതയും ജേണൽ എൻട്രികൾ മുഖേന നടത്തിയിട്ടുള്ള മറ്റ് ഇടപാടുകളും അഡ്ജസ്റ്റ്മെന്റുകളും ക്രമപ്രകാരമാണോയെന്നും പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ഉചിതമായ ശീർഷകത്തിൽപ്പെടുത്തി ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ജേണൽ എൻട്രികളെ സാധൂകരിക്കുന്ന അംഗീകരിക്കപ്പെട്ട വൗച്ചറുകളും സബ്വൗച്ചറുകളും സൂക്ഷിക്കേണ്ടതായുമുണ്ട്. എന്നാൽ നിലവിൽ ജേണൽ എൻട്രികൾക്ക് വൗച്ചർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-1-4 നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ആസ്തിയായി കാണിച്ചിരിക്കുന്നു

ഷെഡ്യൂൾ ബി.17-

450240139-Fund In Bank Account Of National Health Mission എന്ന ഹെഡിൽ 2,36,447 രൂപ ആസ്തിയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ഒരു ബാങ്ക് അക്കൗണ്ട് നിലവിലില്ല.

1-1-5 ആധികാരിക രേഖകളുടെ അഭാവത്തിൽ Deposit Works-Others എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല

ഷെഡ്യൂൾ ബി.8-

341300101-Deposit Works-Others എന്ന ഹെഡിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന 4,50,000 രൂപയുടെ കൃത്യത ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല.

1-1-6 ചെലവ് തുകകൾ ശരിയായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്നില്ല

ഷെഡ്യൂൾ ബി.11(b)

വിവിധ മരാമത്ത് പ്രവർത്തികൾക്കായി 12,22,548 രൂപയുടെ പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ട് എന്നാൽ Capital Work In Progress ശീർഷകത്തിൽ കാണിച്ചിട്ടുള്ളത് 3,48,263 രൂപ മാത്രമാണ്.

ഷെഡ്യൂൾ ഐ.14-

ടോയ്ലറ്റ് റിട്രോഫിറ്റിംഗ് പദ്ധതി (165/25) പ്രകാരമുള്ള 1 ലക്ഷം രൂപയുടെ ചെലവ് 250130501-Oyster Farming-Hatchery എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല

ഷെഡ്യൂൾ ബി.15, ഐ1, ഐ4, ആർ.പി.45-

A. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

B. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 38,460 രൂപ പിരിഞ്ഞു കിട്ടാനുണ്ട്. എന്നാൽ ഈ തുകയുടെ വിവരങ്ങൾ ബി.15 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

ഷെഡ്യൂൾ ബി.11.-

ആസ്തി രജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തൽ നടത്തി ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

ഷെഡ്യൂൾ ബി.18.-

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നിവയ്ക്ക് മുൻകൂറായി നൽകിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഈ സ്ഥാപനങ്ങൾക്ക് മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്നു.

1-1-8 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

ഷെഡ്യൂൾ ഐ.1-

സാമ്പത്തിക വർഷാരംഭത്തിൽ ഡിമാന്റ് എൻട്രികൾ നടത്തിയിട്ടില്ല. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഡിമാന്റ് എൻട്രികൾ 19.11.2024-ലും വാടകയുടേത് 31.03.2025-ലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2011-ലെ കേരള (പഞ്ചായത്ത് രാജ്) അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, തിരിച്ച് നൽകൽ/കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും എഴുതിത്തള്ളൽ, പിരിവിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട്സിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ പ്രകാരം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കി സാംഖ്യയിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല.

1-1-9 വാർഷിക കണക്കുകളിലെ തുകയും സഞ്ചയയിലെ ഡി.സി.ബി.യും പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി.15, ഐ1, ആർ.പി.45-

റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 വാർഷിക കണക്കുകളിലെ തുകയും സേവനയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ഐ.6-

സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി വിതരണം നടത്തിയ തുകകൾ സേവന സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ്, ഭരണസമിതിയുടെ 09.02.2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരവും, പരിഷ്ക്കരിച്ച ബജറ്റ് 07.03.2025-ലെ 2(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംഗ്രഹം ചുവടെ ചേർക്കുന്നു:

മുൻബാക്കി	1736829
വരവ്	120925852
ആകെ	122662681
ആകെ ചെലവ്	119848108
നീക്കി ബാക്കി	2814573

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	9764243
വരവ്	27322340
ആകെ	37086583
ചെലവ്	28564535
നീക്കിയിരിപ്പ്	8522048

ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം

ആകെ വരവ്	81434342
ആകെ ചെലവ്	81151993

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	2025-26-ൽ ക്യാരി ഓവർ ചെയ്ത് ലഭിക്കുന്നതുക	നീക്കിയിരിപ്പ്	ലാപ്സായതുക
വികസന ഫണ്ട് (ജനറൽ)		0	8722000	8722000	8722000	0	0	0
വികസന ഫണ്ട് (എസ്.സി.പി)		0	5909000	5909000	5594775	314225	0	0
വികസന ഫണ്ട് (റ്റി.എസ്.പി)		0	0	0	0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	ബാങ്ക്	1069641	3365500	4435141	2738411	0	1696730	
	ട്രഷറി	0	1812149	1812149	1240287	0	0	571862
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	ബാങ്ക്	181827	1469163 + 86177 (പലിശ)	1737167	1424803	0	312364	
	ട്രഷറി	0	59861	59861	29931	0	0	29930
സംരക്ഷണ ഗ്രാന്റ് (റോഡ്)		0	5220000	5220000	4649576	570424	0	0
സംരക്ഷണ ഗ്രാന്റ് (റോഡിതരം)		0	2923000	2923000	2921389	1611	0	0
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകൾ								

ലൈഫ് സംസ്ഥാന വിഹിതം	860000	390000	1250000	750000	-	500000	
ശുചിത്വ മിഷൻ	38062	0	38062	38062	-	0	
സമ്പൂർണ്ണ ശുചിത്വം	517	77000	77517	77000	-	517	
ഐ.സി.ഡി.എസ്	2159435	839676	2999111	208759	-	2790352	
എൻ.എ.എം.	500000	0	500000	445470	-	54530	
സ്വച്ഛ് ഭാരത് അഭിയാൻ	0	284089	284089	284089	-	0	
ബയോ ഡൈവേഴ്സിറ്റി	203806	209086	412892	15015	-	397877	0
ശബരിമല ഗ്രാന്റ്	0	471000	471000	374444	-	96556	0
ആർദ്രം	98784	200000	298784	0	-	298784	
Health Grant Towards Conversion Of Rural PHC & Sub Centres To Health And Wellness Centres	267789	452000+ 6648 (Interest)	726437	262328	-	464109	
Health Grant Towards Support For Diaganostic Infrastructure To PHCs	634122	265000+ 17181 (Interest)	916303	613071	-	303232	0

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ

A. പൊതുവിഭാഗം, എസ്.സി.പി, വിഭാഗം വികസന ഫണ്ടുകളുടെ ഗഡുക്കളിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി. ലോൺ തിരിച്ചടവ് തുക, അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി നൽകേണ്ട തുക എന്നിവ സ്രോതസ്സിൽ കുറവ് ചെയ്തിരുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആകെ അലോട്ട്മെന്റ് തുക വരവായി എടുക്കുന്നതിന് പകരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനു ശേഷം അനുവദിച്ച തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിട്ടുള്ളത്. തൻമൂലം വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി. എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	യഥാർത്ഥ അലോട്ട്മെന്റ്	സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക		അനുവദിച്ച അറ്റ തുക	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്
		KURDFC ലോൺ തിരിച്ചടവ്	അങ്കണവാടി-അധിക വേതനം		
വികസന ഫണ്ട്-പൊതുവിഭാഗം	8722000	816434	569400	7336166	7336166
വികസന ഫണ്ട്-എസ്.സി.പി.	5909000	64222	-	5844778	5844778

B. 2020-21-ൽ അനുവദിച്ചതിൽ ചെലവഴിക്കാൻ അവശേഷിച്ചതും 2021-22, 2022-23 വർഷങ്ങളിൽ പുനരനുവദിച്ചതുമായ ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് തുകയിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന 29,930 രൂപ സ.ഉ.(സാധാ.)നം.2075/2025/ധന ഉത്തരവ് പ്രകാരം

അനുവദിച്ചിരുന്നു. ടി തുക വരവിലെടുക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

1-5 പദ്ധതി അവലോകനം

A. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
198	91980938	161	38348248	37	41.69

B. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവു വിവരങ്ങളും

മേഖല	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
ഉൽപ്പാദന മേഖല	6568548	4303657	65.52
സേവന മേഖല	77426229	27840431	35.96
പശ്ചാത്തല മേഖല	7986161	6204160	77.69
ആകെ	**91980938**	**38348248**	**41.69**

C. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	കൃഷി ഓഫീസർ	8	8	4905078	3432687	69.98
2	വെറ്ററിനറി സർജൻ	8	8	706800	476210	67.38
3	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	18	14	5083000	3752139	73.82
4	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	2	2	380000	373925	98.4
5	വി.ഇ.ഒ.	31	26	54538904	12577301	23.06
6	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	9	7	2642049	1823143	69
7	സെക്രട്ടറി	25	19	3661137	3163988	86.42
8	അസിസ്റ്റന്റ് എഞ്ചിനീയർ	65	50	15853748	10088957	63.64
9	ഹെഡ് മാസ്റ്റർ	3	3	340000	340000	100
10	അസിസ്റ്റന്റ് സെക്രട്ടറി	20	16	3297900	1796927	54.49
11	ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	380172	380172	100
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	2	70000	28000	40
13	മെഡിക്കൽ ഓഫീസർ (ഹോമിയോ)	3	2	122150	114799	93.98
	ആകെ	**198**	**161**	**91980938**	**38348248**	**41.69**

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	0	1191339	1191339	1191339	0

ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	-	7757944	7757944	7757944	-
ആകെ	0	8949283	8949283	8949283	0

1-7 ക്ഷേമ പദ്ധതികൾ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക
വാർദ്ധക്യകാല പെൻഷൻ	1017	15314700
വിധവ പെൻഷൻ	392	6168500
കർഷക തൊഴിലാളി പെൻഷൻ	78	1436800
മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	92	1490200
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	21	342400

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.11.25 തീയതിയിൽ 02.00 PM ന്, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7605 രൂപ (ഏഴായിരത്തി അറുനൂറ്റി അഞ്ച് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ഭരണസമിതി യോഗങ്ങളുടെ മിനിട്സ് ക്ലോസ് ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

2) ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

3) തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിച്ചിട്ടുണ്ട്.

4) പദ്ധതികളുടെ നിർവ്വഹണത്തിലും ഫണ്ടുകൾ ചെലവഴിക്കുന്നതിലും കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.

5) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുകയോ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പ്രോജക്ട് മോണിറ്ററിംഗ് അജണ്ടയാകുകയോ ചെയ്തിട്ടില്ല.

6) ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

7) കുടുംബശ്രീയുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളിൽ കൃത്യമായ മേൽ നോട്ടം നടത്തുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഇക്കാരണത്താൽ വിവിധ വർഷങ്ങളിലായി നടന്ന ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിലും നടപടി എടുക്കുന്നതിനും സാധിച്ചില്ല.

8) ഉപയോഗക്ഷമമല്ലാത്ത പൊതുടാപ്പുകളുടെ കണക്ഷൻ റദ്ദു ചെയ്ത് തനതു ഫണ്ടിൽ നിന്നുമുള്ള ആവർത്തന ചെലവ് കുറയ്ക്കുന്നതിൽ കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടുണ്ട്.

9) ആസ്തികളുടെ പരിപാലനത്തിലും,നിലവാരം ഉയർത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു സാധിച്ചു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ് വിഭാഗം	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.03.2014 മുതൽ 18.03.2014 വരെ	2008-2009 മുതൽ 2012-2013 വരെ	01.05.2014

1-11 ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ അനർഹമായ ഇളവ് അനുവദിച്ചു

ഏറ്റവും ഒടുവിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ പുതിയ കെട്ടിടങ്ങൾ എന്ന നിലയിൽ പരിഗണിച്ചാണ് നികുതി നിർണ്ണയിക്കേണ്ടതെന്ന് 16.12.2015-ലെ സ.ഉ.(എം.എസ്.)നം.358/15/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ചതും പിന്നീട് ഘടനാപരമായി മാറ്റം വരുത്തിയതുമായ കെട്ടിടങ്ങളെ പുതിയ കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നില്ല. തറ വിസ്തീർണ്ണത്തിൽ മാറ്റം വന്നതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുകയാണ് ചെയ്തു വരുന്നത്. അങ്ങനെ നികുതി നിർണ്ണയിക്കുമ്പോൾ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് ലഭ്യമായിരുന്ന കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ് പുതുതായി കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടഭാഗം ഉൾപ്പെടെ മുഴുവൻ കെട്ടിടത്തിനും അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ നികുതി നിർണ്ണയം നടത്തുന്നത് നികുതി നഷ്ടത്തിന് കാരണമാകുകയും ചെയ്യുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. രമേഷ്കുമാർ റ്റി.ആർ., ചന്ദ്രാലയത്തിൽ, ആറൻമുള എന്നയാളുടെ ഉടമസ്ഥതയിൽ മല്ലപ്പുഴശ്ശേരി വില്ലേജ്, സർവ്വേ നം.82/7-ലുള്ള 440ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 169.40ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിൽ (13/345) 45.11ച.മീ. കൂട്ടിച്ചേർക്കൽ വരുത്തിയത് ക്രമവത്ക്കരിച്ച് ഒക്യുപ്പൻസി അനുവദിക്കുകയും നികുതി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നില	നിലവിലുണ്ടായിരുന്ന വിസ്തീർണ്ണം (ച.മീ.)	കൂട്ടിച്ചേർക്കൽ വരുത്തിയ വിസ്തീർണ്ണം (ച.മീ.)	ആകെ വിസ്തീർണ്ണം (ച.മീ.)	വിനിയോഗ ഗണം
തറനിരപ്പ് നില	115.50	17.94	133.44	പാർപ്പിടാവശ്യം
ഒന്നാം നില	53.90	27.14	81.04	പാർപ്പിടാവശ്യം
ആകെ	169.4	45.08	214.48	

പ്രസ്തുത കെട്ടിടത്തിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ കെട്ടിടമായി കണക്കാക്കി നികുതി പുനർനിർണ്ണയിച്ചില്ല. പുതുതായി കൂട്ടിച്ചേർത്ത ഭാഗത്തിന് മാത്രം നിലവിലെ നിരക്കിൽ നികുതി കണക്കാക്കുകയും ആയത് നിലവിലുണ്ടായിരുന്ന നികുതിയുടെ കൂടെ ചേർത്ത് ആകെ നികുതി കണക്കാക്കുകയുമാണ് ചെയ്തിട്ടുള്ളത്. നിലവിലെ കെട്ടിടത്തിന് അനുവദിച്ചിരുന്ന കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള 10% ഇളവ് പുതുതായി കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടഭാഗത്തിനും അനുവദിച്ച് നൽകിയിട്ടുമുണ്ട്.

2. ശ്രീ. വർഗ്ഗീസ് മാമ്മൻ, പുതുപ്പറമ്പ് മേമുറിയിൽ, കുഴികാല എന്നയാളുടെ ഉടമസ്ഥതയിൽ മല്ലപ്പുഴശ്ശേരി വില്ലേജ് സർവ്വേ നം. 693/8-1-ലുള്ള 720ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 47 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടത്തിൽ (10/274) 46.17ച.മീ. കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് 10.10.2019-ൽ എം3-ബി.എ.(296444)/2019 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. ആയത് പ്രകാരം

നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പൻസി അനുവദിച്ച് നികുതി പുനർനിർണ്ണയിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നില	നിലവിലുണ്ടായിരുന്ന വിസ്തീർണ്ണം (ച.മീ.)	കൂട്ടിച്ചേർക്കൽ വരുത്തിയ വിസ്തീർണ്ണം (ച.മീ.)	ആകെ വിസ്തീർണ്ണം (ച.മീ.)	വിനിയോഗ ഗണം
തറനിരപ്പ് നില	47	66.37	113.37	പാർപ്പിടാവശ്യം
ഒന്നാം നില (സ്റ്റെയർ റൂം)	-	8.31	8.31	
ആകെ	47	74.68	121.68	

പെർമിറ്റിൽ അധികമായി നിർമ്മാണം പൂർത്തിയാക്കിയ 28.51ച.മീ. ക്രമവത്ക്കരിച്ചാണ് ഒക്യുപ്പൻസി അനുവദിച്ചത്.

കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകതയുണ്ട്. പ്രസ്തുത കെട്ടിടത്തിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ കെട്ടിടമായി കണക്കാക്കി നികുതി പുനർനിർണ്ണയിച്ചില്ല. തറ വിസ്തീർണ്ണത്തിൽ മാറ്റം വന്നതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് 13 വർഷം പഴക്കമുണ്ട്. എന്നാൽ നികുതി പുനർനിർണ്ണയിച്ചപ്പോൾ പുതുതായി കൂട്ടിച്ചേർത്തത് ഉൾപ്പെടെ മുഴുവൻ കെട്ടിടത്തിനും കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്.

3. ശ്രീ. പ്രദീപ്കുമാർ കെ.വി., പുതുപ്പറമ്പിൽ, കാരംവേലി എന്നയാളുടെ ഉടമസ്ഥതയിൽ മല്ലപ്പുഴശ്ശേരി വില്ലേജ്, സർവ്വേ നം.547/10-ലുള്ള 372ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന 104ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട കെട്ടിടത്തിൽ (6/57) 68.94ച.മീ. കൂട്ടിച്ചേർക്കൽ വരുത്തിയത് ക്രമവത്ക്കരിച്ച് ഒക്യുപ്പൻസി അനുവദിക്കുകയും നികുതി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നില	നിലവിലുണ്ടായിരുന്ന വിസ്തീർണ്ണം (ച.മീ.)	കൂട്ടിച്ചേർക്കൽ വരുത്തിയ വിസ്തീർണ്ണം (ച.മീ.)	ആകെ വിസ്തീർണ്ണം (ച.മീ.)	വിനിയോഗ ഗണം
തറനിരപ്പ് നില	104	30.17	134.17	പാർപ്പിടാവശ്യം
ഒന്നാം നില	-	38.77	38.77	
ആകെ	104	68.94	172.94	

പ്രസ്തുത കെട്ടിടത്തിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ളതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ കെട്ടിടമായി കണക്കാക്കി നികുതി പുനർനിർണ്ണയിച്ചില്ല. തറ വിസ്തീർണ്ണത്തിൽ മാറ്റം വന്നതായി സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തി നികുതി പുനർ നിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് 14 വർഷം പഴക്കമുണ്ട്. എന്നാൽ നികുതി പുനർനിർണ്ണയിച്ചപ്പോൾ പുതുതായി കൂട്ടിച്ചേർത്തത് ഉൾപ്പെടെ മുഴുവൻ കെട്ടിടത്തിനും കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/10.11.2025) അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

1-12 നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കൽ ചട്ടവിരുദ്ധമായി ക്രമവത്ക്കരിച്ചു

ശ്രീ. എൻ.ജെ. മോഹൻനായർ, ഇടയാടിയിൽ, കർത്തവ്യം, പുന്നക്കാട് എന്നയാളുടെ ഉടമസ്ഥതയിൽ മല്ലപ്പുഴശ്ശേരി വില്ലേജിൽ സർവ്വേ നം. 390/14-2, 390/14-3 എന്നിവയിലുള്ള 1277 ച.മീ. പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 43.57ച.മീറ്ററും രണ്ടാം നിലയിൽ 130.45ച.മീറ്ററും കൂട്ടിച്ചേർക്കൽ വരുത്തിയത് ക്രമവത്ക്കരിച്ച് ഒക്യുപ്പൻസി അനുവദിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കെട്ടിടം വാണിജ്യ, വ്യവസായിക, പാർപ്പിട വിനിയോഗ ഗണങ്ങൾ ഉൾപ്പെടുന്നതാണ്. പഞ്ചായത്ത് ഓഫീസിന്റെ തൊട്ടടുത്താണെങ്കിലും പഞ്ചായത്തിൽ നിന്നും നിർമ്മാണാനുമതി വാങ്ങാതെയാണ് പ്രസ്തുത കൂട്ടിച്ചേർക്കലുകൾ വരുത്തിയത്. 30.03.2000-ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന്, 2019-ലെ കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 72 പ്രകാരം അനുവദിച്ചിട്ടുള്ള സവിശേഷ നിബന്ധനകൾ പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്നതും കൂട്ടിച്ചേർക്കൽ വരുത്തിയതുമായ കെട്ടിട ഭാഗങ്ങളുടെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നില	വിസ്തീർണ്ണം		വിനിയോഗ ഗണം	കെട്ടിട നം.
	നിലവിലുണ്ടായിരുന്നത്	കൂട്ടിച്ചേർക്കൽ വരുത്തിയത്		
തറനിരപ്പ് നില	8.37		വാണിജ്യാവശ്യം	5/41
	8.37		വാണിജ്യാവശ്യം	5/42
	8.37		വാണിജ്യാവശ്യം	5/43
	29.83		വ്യവസായികാവശ്യം (ഫ്ലോർ മിൽ)	5/44
	105.45		പാർപ്പിടാവശ്യം	5/46
	64.04		പാർക്കിംഗ്	-
ഒന്നാം നില	98.95		വാണിജ്യാവശ്യം	5/44/A
	105.45		പാർപ്പിടാവശ്യം	5/46
		43.57	വാണിജ്യാവശ്യം	5/44/A
രണ്ടാം നില	12.33	130.45	വാണിജ്യാവശ്യം	5/44/B
ആകെ	**441.16**	**174.02**		

പ്ലോട്ടിൽ 204.92ച.മീ. വിസ്തീർണ്ണമുള്ള സോ മില്ലും 5ച.മീ. വിസ്തീർണ്ണമുള്ള ടോയ്ലറ്റ് കെട്ടിടവും നിലവിലുണ്ട്. അവയുടെ വിസ്തീർണ്ണം കൂടി പരിഗണിക്കുമ്പോൾ പ്ലോട്ടിൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 825.10ച.മീറ്ററാകുന്നതാണ്. ക്രമവത്ക്കരണ ഫയലിന്റെ പരിശോധനയിലും സാങ്കേതിക വിഭാഗം അസി. എഞ്ചിനീയറോടൊപ്പം ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഫ്ലോർ മിൽ പ്രവർത്തിക്കുന്നുണ്ട്. 2019-ലെ കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 25(2)(h) പ്രകാരം ഫ്ലോർ മില്ലുകൾ വ്യവസായികം (ഗ്രൂപ്പ്-ജി 1) ഒക്യുപ്പൻസിയിൽ വരുന്നതാണ്. എന്നാൽ ക്രമവത്ക്കരണ അപേക്ഷ, പ്ലാൻ എന്നിവയിൽ വാണിജ്യാവശ്യം (ഗ്രൂപ്പ്-എഫ്) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിട ഭാഗം (5/44) അസ്സസ്സ് ചെയ്തിട്ടുള്ളതും വാണിജ്യാവശ്യത്തിനുള്ള ഉപയോഗ ഗണത്തിൽപ്പെടുത്തിയാണ്. വാണിജ്യാവശ്യത്തിനുള്ള കെട്ടിട ഭാഗം ഒക്യുപ്പൻസി മാറ്റം നടത്താതെ വ്യവസായിക ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നു.

2. 2019-ലെ കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 25(1) കുറിപ്പുകൾ (Ii) പ്രകാരം ഗ്രൂപ്പ് ജെ.- മൾട്ടിപ്ലക്സ് കോംപ്ലക്സ് ഒഴികെയുള്ള ഒന്നിൽ കൂടുതൽ ഉപയോഗം ഉൾപ്പെടുന്ന

ഏതൊരു കെട്ടിടവും ഏറ്റവും നിയന്ത്രിത വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്നതായിരിക്കും. വാണിജ്യ, വ്യവസായിക, പാർപ്പിട ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടം പ്രസ്തുത ചട്ട പ്രകാരം വ്യവസായികം (ഗ്രൂപ്പ്-ജി.1) ഒക്യുപ്പൻസിയിൽ വരുന്നതാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള ഒക്യുപ്പൻസിക്ക് ബാധകമായ ചട്ടങ്ങൾ പ്രകാരമാണ് ക്രമവത്ക്കരണം അനുവദിച്ചിട്ടുള്ളത്.

3. 30.03.2000-ൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിന്, 2019-ലെ കേരള പഞ്ചായത്ത് (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 72 പ്രകാരം അനുവദിച്ചിട്ടുള്ള സവിശേഷ നിബന്ധനകൾ പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിച്ചിട്ടുള്ളത്. എന്നാൽ ചട്ടം 72(6) പ്രകാരം നിലവിലുള്ള കെട്ടിടത്തിനും നിർദ്ദിഷ്ട നില/നിലകൾക്കും പുറക് വശം ഉൾപ്പെടെയുള്ള എല്ലാ അതിരുകളിൽ നിന്നും 1 മീ. തുറസ്സായ സ്ഥലം ഉണ്ടെങ്കിൽ മാത്രമേ ഗ്രൂപ്പ് എ1, എ2, എഫ് വിനിയോഗഗണം ഒഴികെയുള്ള കെട്ടിടങ്ങളിൽ മാറ്റം വരുത്തലിനോ, നിലകളുടെ കൂട്ടിച്ചേർക്കലിനോ വിപുലീകരണത്തിനോ, മേൽക്കൂര മാറ്റത്തിനോ അനുമതി നൽകാൻ സാധിക്കുകയുള്ളു. വ്യവസായികം (ഗ്രൂപ്പ്-ജി.1) ഒക്യുപ്പൻസി ബാധകമായ പ്രസ്തുത കെട്ടിടത്തിന് മുൻവശത്തും ഒരു പാർശ്വ വശത്തും 1 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമല്ലാത്തതാകുന്നു. ചട്ട വിരുദ്ധമായി നടത്തിയ നിർമ്മാണമാണ് ക്രമവത്ക്കരിച്ച് ഒക്യുപ്പൻസി അനുവദിച്ചിട്ടുള്ളത്.

4. കെട്ടിടത്തിന്റെ തറനിരപ്പ് നിലയിൽ ഭിന്നശേഷിക്കാർക്കും മുതിർന്നവർക്കുമുള്ള ടോയ്ലറ്റ് ആയി കാണിച്ചിട്ടുള്ള മുറിയിൽ ചട്ടം 42(4) പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത മുറി സ്റ്റോർ ആയി ഉപയോഗപ്പെടുത്തി വരുന്നതായാണ് കാണാൻ കഴിഞ്ഞത്.



5. പ്രസ്തുത കെട്ടിടത്തിന്റ വസ്തു നികുതി നിർണ്ണയിച്ചതിലും അപാകതകളുണ്ട്. കെട്ടിടത്തിന്റെ രണ്ടാം നിലയിലെ സ്റ്റെയർകെയ്സ് ഏരിയ ഉൾപ്പെടുന്ന 12.33ച.മീ. അസ്സസ്സ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. കൂടാതെ തറനിരപ്പ് നിലയിലെ 5/43 നമ്പർ കെട്ടിടം കംപ്ലീഷൻ പ്ലാൻ പ്രകാരം 8.37ച.മീ. വിസ്തീർണ്ണമുള്ളതാണ്. എന്നാൽ പ്രസ്തുത കെട്ടിട ഭാഗത്തിന്റെ 6.75ച.മീ. മാത്രമാണ് അസ്സസ്സ് ചെയ്തിട്ടുള്ളത്. 5/41, 42, 43 നമ്പർ കെട്ടിടഭാഗങ്ങൾ കോൺക്രീറ്റ് മേൽക്കൂരയുള്ളതാണ് എന്നാൽ സഞ്ചയയിൽ കുറഞ്ഞതരം മേൽക്കൂരയള്ളതായി രേഖപ്പടുത്തി അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവ് അനുവദിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ക്രമവത്ക്കരണം അനുവദിച്ചതിലെയും വസ്തുനികുതി നിർണ്ണയിച്ചതിലെയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 11/10.11.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് നിർമ്മിച്ചതും അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അംഗീകൃത വാണിജ്യകെട്ടിടമായി പ്രവർത്തിച്ച് വരുന്നതുമാണ് പഴയകെട്ടിടം എന്നതിനാലാണ് പുതിയ കെട്ടിട ഭാഗം ക്രമവത്ക്കരിച്ച് ഒക്യുപ്പൻസിയ്ക്ക് ശിപാർശ ചെയ്തതെന്ന് സാങ്കേതിക വിഭാഗം അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകം പരിഹരിക്കുന്നതാണെന്ന് സെക്രട്ടറിയും അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിലവിലെ ഒക്യുപ്പൻസി പരിശോധിച്ച് ഉറപ്പു വരുത്താതെയാണ് അസി.

എഞ്ചിനീയർ ക്രമവത്ക്കരണം അനുവദിക്കാൻ ശിപാർശ ചെയ്തിട്ടുള്ളത്. ക്രമവത്ക്കരണം അനുവദിച്ചതിലെയും വസ്തുനികുതി നിർണ്ണയിച്ചതിലെയും അപാകം അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 റോഡ് കട്ടിംഗ് റീസ്റ്റോറേഷന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൽ അപാകത

പഞ്ചായത്തിലെ തുണ്ടഴം ജംഗ്ഷൻ മുതൽ പുന്നക്കാട് HWC-PHC വരെയുള്ള റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തുന്നതിന് അനുമതിയ്ക്കായി ഭാരതി എയർടെൽ ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത റോഡിൽ 1050മീറ്റർ നീളത്തിൽ ഭൂമിക്കടിയിലൂടെ കേബിൾ വലിക്കുന്നതിന് 0.60mx0.60m അളവിൽ 15 പിറ്റുകൾ എടുക്കുന്നതിനും അതിലൂടെ എച്ച്.ഡി.ഡി. മാർഗ്ഗത്തിൽ പൈപ്പുകൾ സ്ഥാപിച്ച് കേബിൾ കടത്തി വിടുന്നതിനുമാണ് അപേക്ഷിച്ചിരുന്നത്. റോഡ് റീസ്റ്റോറേഷൻ ചാർജ്ജായി 1,07,488 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായി 35,830 രൂപയും ഈടാക്കി റോഡ് കട്ടിംഗ് അനുമതി നൽകിയിട്ടുണ്ട്.

ഓപ്പൺ ട്രഞ്ചിംഗ്, എച്ച്.ഡി.ഡി. മാർഗ്ഗങ്ങളിൽ റോഡ് കട്ടിംഗ് നടത്തുമ്പോൾ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കുന്നത് എപ്രകാരമായിരക്കണമെന്നത് സംബന്ധിച്ച് പൊതുമരാമത്ത് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറുടെ 24.09.2020-ലെ CE/R&B/GL-RC/3/2018 നമ്പർ സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം എച്ച്.ഡി.ഡി. കട്ടിംഗ് രീതിയിൽ ഓപ്പൺ പിറ്റുകൾക്ക് മാത്രം റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കുകയും റോഡ് തുരന്ന് കേബിളുകൾ സ്ഥാപിക്കുന്ന മുഴുവൻ നീളത്തിനും ഒരു മീറ്റർ വീതിയിൽ റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കി ആ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി വാങ്ങുകയും ചെയ്യേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ട്രഷറി സേവിംഗ്സ് ഡെപ്പോസിറ്റോ ബാങ്ക് ഗ്യാരണ്ടിയോ ആയിരിക്കേണ്ടതാണ്. റോഡ് റീസ്റ്റോറേഷൻ വർക്കിന്റെ അല്ലെങ്കിൽ ഒറിജിനൽ വർക്കിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡിൽ ഏതാണോ അവസാനം വരുന്നത് ആയതിന് ശേഷം 28 ദിവസം വരെ സെക്യൂരിറ്റി ഡെപ്പോസിറ്റിന് സാധുത ഉണ്ടായിരിക്കേണ്ടതുമാണ്. പഞ്ചായത്ത് റോഡ് 1050മീ. നീളത്തിൽ എച്ച്.ഡി.ഡി. മാർഗ്ഗത്തിലൂടെ തുരന്ന് കേബിൾ സ്ഥാപിച്ചതിന് 5,01,607 രൂപ (1050x1x4777.21x10/100) സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ 35,830 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

സെക്യൂരിറ്റി ഡെപ്പോസിറ്റ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് 16/11.11.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് കണക്കാക്കുന്നത് സംബന്ധിച്ച 24.09.2020-ലെ സർക്കുലർ സംബന്ധിച്ച് അറിവില്ലായിരുന്നുവെന്നും നിലവിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ആയത് മൂലം റോഡിന് യാതൊരു തകരാറുകളും ഉണ്ടായിട്ടില്ലെന്നും സാങ്കേതിക വിഭാഗം അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റോഡിന് അടിയിലൂടെ എച്ച്.ഡി.ഡി. കട്ടിംഗ് നടത്തുന്നത് മൂലം പിന്നീട് റോഡിന്റെ ഉപരിതലത്തിൽ തകരാറുകൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കണമെന്ന വ്യവസ്ഥ നിഷ്ക്കർഷിച്ചിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ ഇത്തരം അപാകം ഒഴിവാക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-14 അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടി സ്വീകരിച്ചില്ല

പഞ്ചായത്തിലെ 9-ാം വാർഡിൽ സർവ്വേ നം. 734/8-ലുള്ള 360 ച.മീ. പ്ലോട്ടിൽ വൈ.എം.സി.എ.യുടെ ഉടമസ്ഥതയിലുള്ള 9/230 നമ്പർ കെട്ടിടത്തിന്റെ മൂന്ന് ഭാഗത്തുമായി അനധികൃതമായി കൂട്ടിച്ചേർക്കൽ വരുത്തിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടഭാഗങ്ങൾ ക്രമവത്ക്കരിക്കുന്നതിനും നിലവിൽ വിദ്യാഭ്യാസാവശ്യത്തിനുള്ള വിനിയോഗ ഗണത്തിൽപ്പെടുന്ന കെട്ടിടം (9/230) വാണിജ്യാവശ്യത്തിലേക്ക് ഒക്യുപ്പൻസി മാറ്റുന്നതിനും 19.12.2022-ൽ വൈ.എം.സി.എ. കുഴിക്കാല പ്രസിഡന്റ് സങ്കേതം മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു

(നം.1877450). എന്നാൽ അപേക്ഷയിൽ തുടർനടപടികൾ ഉണ്ടായില്ല. പിന്നീട് 15.07.2024-ൽ ടിയാൻ വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി (എം.3-1727/2024). പ്രസ്തുത അപേക്ഷ പ്രകാരം പ്ലോട്ടിൽ നിലവിൽ 118.44 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുണ്ട്. എന്നാൽ സഞ്ചയ പ്രകാരം പ്ലോട്ടിൽ 21ച.മീ. വിസ്തീർണ്ണമുള്ള 9/230 നമ്പർ കെട്ടിടം മാത്രമാണുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം വിദ്യാഭ്യാസാവശ്യത്തിൽ നിന്നും വാണിജ്യാവശ്യത്തിലേക്ക് മാറ്റുന്നതിനും ബാക്കിയുള്ള 97.44ച.മീ. കെട്ടിട ഭാഗങ്ങൾ ക്രമവത്ക്കരിക്കുന്നതിനുമാണ് അപേക്ഷ സമർപ്പിച്ചത്. അപേക്ഷയിൽ സ്ഥല പരിശോധന നടത്തിയ സാങ്കേതിക വിഭാഗം അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ പ്രസ്തുത കെട്ടിടം ഇൻഡസ്ട്രിയൽ ബിൽഡിംഗും ഓഫീസുമായി പ്രവർത്തിപ്പിച്ചു വരികയാണെന്നും കെട്ടിത്തിന് ചുറ്റും നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം ലഭ്യമല്ലാത്തത് ഉൾപ്പെടെയുള്ള ചട്ട ലംഘനങ്ങൾ നിലനിൽക്കുന്നതായും റിപ്പോർട്ട് ചെയ്തു. ടി വിവരം അറിയിച്ച് അപേക്ഷകൻ ലൈസൻസി എന്നിവർക്ക് 25.07.2024-ൽ കത്ത് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കാൻ പിന്നീട് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

9/230 നമ്പർ കെട്ടിടത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ 2022 മുതൽ പഞ്ചായത്തിൽ ലഭ്യമായിരുന്നു. ചട്ടലംഘനങ്ങൾ ഒഴിവാക്കി നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് അപേക്ഷകൻ നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ നിയമാനുസൃതമല്ലാത്ത നിർമ്മാണമായി കണക്കാക്കി നികുതി നിർണ്ണയിക്കുയോ, പഞ്ചായത്ത് രാജ് നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അനധികൃത കെട്ടിടത്തിനെതിരെ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം:13/10.11.25) നൽകിയിരുന്നു. തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളു. ലൈസൻസ് നേടിയ ഭുരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിവരങ്ങൾ	അർദ്ധ വർഷം
1	സ്റ്റോൺവാൾ, കാരംവേലി	2nd
2	ഹോമിയോപതിക് മെഡിക്കൽ സെന്റർ, നെല്ലിക്കാല	2nd
3	ആട്ടോ സൂം, കാരംവേലി	2nd
4	പി.എസ്.ജി. ഫിനാൻസ്, ആറൻമുള	2nd
5	പോസ്റ്റ് ഓഫീസ്, നെല്ലിക്കാല	2nd
6	മാവേലി സ്റ്റോർ, പുന്നക്കാട്	2nd
7	ടി.വി.എസ്. ഇഗ്നീഷൻ, ആറൻമുള	2nd

8	സെന്റ്. മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുഴിക്കാല	2nd
9	അക്കൗണ്ടന്റ്, കുടുംബശ്രീ, മല്ലപ്പുഴശ്ശേരി	2nd
10	അക്ഷയ സെന്റർ, കാരംവേലി	2nd
11	സെന്റർ ഫോർ റൂറൽ എംപ്ലോയ്മെന്റ് & എക്കണോമിക് ഡവലപ്പ്മെന്റ്	2nd
12	റിലയൻസ് സ്മാർട്ട് പോയിന്റ്, കുന്നത്തുകര	2nd
13	സി.എസ്.ഐ. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പുന്നക്കാട്	2nd
14	വില്ലേജ് ഓഫീസ്, മല്ലപ്പുഴശ്ശേരി	2nd
15	ഇടയാടിയിൽ തടിമില്ല്, കർത്തവ്യം, 5/45	1st & 2nd
16	ഗോകുലം ഫാമിലി റസ്റ്റോറന്റ്, കറുന്താർ, 13/127	1st & 2nd
17	ചോതി കാറ്ററേഴ്സ്, ആറൻമുള, 3/224	1st & 2nd
18	ശ്രീവൽസം കാറ്ററിംഗ്, മല്ലപ്പുഴശ്ശേരി, 13/156/C	1st & 2nd
19	അയ്യപ്പാ ഹോളോബ്രിക്സ്, പുന്നക്കാട്, 8/130	1st & 2nd
20	പരപ്പുഴ സൂപ്പർമാർക്കറ്റ്, 5/299A, B	1st & 2nd
21	മഹാദേവൻ ഫ്യുവൽസ്, ആറൻമുള, 2/96	1st & 2nd
22	സെവൻസീസ് സോ മില്ല്, 7/220	1st & 2nd
23	ശ്രീ പാർത്ഥസാരഥി റസ്റ്റോറന്റ് & കാറ്ററിംഗ് സർവ്വീസ്, 13/151, 152	1st & 2nd
24	വിൽസൺ സ്റ്റോൺ ക്രഷർ, 7/238	1st & 2nd
25	മാനസാ റസ്റ്റോറന്റ് & കാറ്ററേഴ്സ്, 13/92-E, F, G, H	1st & 2nd
26	കെ.കെ. ഇൻഡസ്ട്രീസ്, 7/236B	1st & 2nd
27	ഖാദി ഭവൻ & ഓഫീസ്(CREED), 2/213/214	1st & 2nd
28	ദി സ്കിൻ പാലസ്, തെക്കേമല, 2/210	1st & 2nd
29	കെയർമേറ്റ് ഹോം നഴ്സിംഗ് സർവ്വീസ്, 5/299 F	1st & 2nd
30	സാൻട്രോ ഡിസൈനർ ടൈൽസ്, 9/73A	1st & 2nd
31	കോസ്മോസ് മെഡിക്കൽ സിസ്റ്റംസ് എൽ.എൽ.പി. 13/147 B	1st & 2nd

മേൽ പട്ടികയിൽ ക്രമ നം. 13- ആയി പരാമർശിച്ചിട്ടുള്ള സി.എസ്.ഐ. കോളേജ് ഫോർ അഡ്വാൻസ് സ്റ്റഡീസിലെ പ്രിൻസിപ്പൽ, പ്രൊഫസർമാർ, അസി. പ്രൊഫസർമാർ, മറ്റ് ജീവനക്കാർ എന്നിവരുടെ ഒന്നാം അർദ്ധവർഷത്തെ വരുമാനമായി വളരെ ചെറിയ തുകകളാണ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്കിലുള്ള തൊഴിൽ നികുതിയാണ് ഒടുക്കിയിട്ടുള്ളത്. ജീവനക്കാരുടെ എണ്ണവും വരുമാന വിവരങ്ങളും സംബന്ധിച്ച് ആധികാരികമായ രേഖകൾ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

തൊഴിൽ നികുതി പിരിവിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 13/28.06.2024

നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. തൊഴിൽ നികുതി ഒടുക്കാൻ അവശേഷിക്കുന്നവരിൽ നിന്നും പലിശ സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-16 ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ മുൻകാലങ്ങളേക്കാൾ കുറവ്

വാർഷിക ധനകാര്യ പത്രിക, ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ എന്നിവയുടെ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും 2024-25 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലും ലൈസൻസ് ഫീസിനത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് വലിയ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ലൈസൻസ് നൽകിയതിലുണ്ടായ കുറവ് മൂലം ഇൻസ്റ്റിറ്റ്യൂഷൻസ്/ട്രേഡേഴ്സ് തൊഴിൽ നികുതിയിലും കുറവ് വന്നിട്ടുണ്ട്. ഈയിനത്തിൽ തൻവർഷത്തെയും മുൻവർഷങ്ങളിലെയും വിവരങ്ങൾ താരതമ്യം ചെയ്തത് ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	അനുവദിച്ച ലൈസൻസുകളുടെ എണ്ണം	ലൈസൻസ് ഫീസിനത്തിൽ ലഭിച്ച തുക	ഇൻസ്റ്റിറ്റ്യൂഷൻസ്/ ട്രേഡേഴ്സ് തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച തുക
2021-22	161	244600	258510
2022-23	173	216460	291485
2023-24	178	293700	331170
2024-25	146	209200	243560

2024-25-ൽ 146 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 171 സ്ഥാപനങ്ങളുണ്ട്. 2023-24-ൽ നിന്നും ലൈസൻസുകളുടെ എണ്ണത്തിൽ 32-ഉം ഫീസിനത്തിൽ 84,500 രൂപയുടെയും കുറവ് വന്നിട്ടുണ്ട്. സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിൽ 87,610 രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ വരുമാനക്കുറവ് ഉണ്ടാകാനിടയായ സാഹചര്യം വിശദീകരിക്കുന്നതിന് 20/12.11.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. നാളിതുവരെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളുടേത് പുതുക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

ഓഡിറ്റ് കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	**പേരും വിലാസവും**	**പെൻഷൻ തരം, പെൻഷൻ ഐ.ഡി.**	**മരണപ്പെട്ട തീയതി**	**പെൻഷൻ വിതരണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകത**

1	ഓമനയമ്മ, മാധവശ്ശേരിൽ, കുറുന്താർ, കുഴിക്കാല	അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ 103950500006	08.01.2025	ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം 2024 ഒക്ടോബർ, നവംബർ മാസങ്ങളിലെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ടി കാലയളവിൽ ആകെ 3,200 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
2	പൊന്നമ്മ കെ.എ., കോനാടൻ പറമ്പിൽ, കുറുന്താർ, കുഴിക്കാല	വാർദ്ധക്യകാല പെൻഷൻ 103950200080	29.12.2024	ഗുണഭോക്താവ് മരണപ്പെട്ടതിനാൽ 2024 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ സംസ്ഥാന വിഹിതം കൈമാറിയിട്ടില്ല. എന്നാൽ യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ ടി കാലയളവിലെ കേന്ദ്രവിഹിതം 1,500 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
3	രാജശേഖരൻ റ്റി., ശാന്തിഭവൻ, നെല്ലിക്കാല പി.ഒ.	വാർദ്ധക്യകാല പെൻഷൻ 103950201210	30.08.2024	ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം 2024 മെയ് മുതൽ ആഗസ്റ്റ് വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ടി കാലയളവിൽ ആകെ 6,400 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
4	പൊന്നമ്മാൾ, കിഴക്കേയറ്റത്ത്, മല്ലപ്പുഴശ്ശേരി	വാർദ്ധക്യകാല പെൻഷൻ 103950200490	16.02.2025	ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം 2024 ഡിസംബർ, 2025 ജനുവരി മാസങ്ങളിലെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ടി കാലയളവിൽ ആകെ 3,200 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
5	ജോസഫ് പി., പുല്ലൂർ കിഴക്ക്, മല്ലപ്പുഴശ്ശേരി	വാർദ്ധക്യകാല പെൻഷൻ 103950201212	22.04.2025	ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം 2025 മാർച്ച് മുതൽ ജൂലൈ വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ടി കാലയളവിൽ ആകെ 8,000 രൂപ

				അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.
6	ലക്ഷ്മീ നാരായണൻ, കൊച്ചുപറമ്പിൽ, ഒന്തേക്കാട്	കർഷക തൊഴിലാളി പെൻഷൻ 103950100066	14.12.2024	ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം 2024 സെപ്റ്റംബർ മുതൽ നവംബർ വരെ പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്. ടി കാലയളവിൽ ആകെ 4,800 രൂപ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ പെൻഷൻ നിലവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള പെൻഷൻ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം18/12.11.2025) നൽകിയിരുന്നു. ഗുണഭോക്താക്കളുടെ അനന്തരാവകാശികൾക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും കത്ത് നൽകി തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിനെ അറിയിക്കാതെ അനന്തരാവകാശികൾ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽ നിന്നും തിരികെപ്പിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പ്രസ്തുത ഉത്തരവിലുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലായെന്ന് 22.11.2024-ലെ 65/2024/ധന സർക്കുലറിലൂടെ വ്യക്തത വരുത്തിയിട്ടുമുണ്ട്. അനർഹമായി കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നത് സംബന്ധിച്ച് 12.12.2024-ലെ 71/2024/ധന, 31.01.2025-ലെ 07/2025/ധന എന്നീ സർക്കുലറുകളിലൂടെ അധിക നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം അനന്തരാവകാശികൾ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് 12.08.2021-ൽ 63/2021/ധന നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഓഡിറ്റ് കണ്ടെത്തിയ 27,100 രൂപ (3200+1500+6400+3200+8000+4800) അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും

ശ്രദ്ധയിൽപ്പെടുത്തുന്നു.

1-18 വെള്ളക്കരം കുടിശ്ശികയിനത്തിലുള്ള ബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കണം

പഞ്ചായത്തിലെ മുഴുവൻ പൊതുടാപ്പുകളുടേയും ഡിസ്കണക്ഷൻ ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം 1,94,000 രൂപ 29.01.2024-ൽ അടച്ചിരുന്നു. എന്നാൽ തുടർന്നുള്ള മാസങ്ങളിലും 85 ടാപ്പുകളുടെ ചാർജ്ജ് ഒടുക്കാൻ വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇനിയും പൊതുടാപ്പുകൾ അവശേഷിക്കുന്നതായി വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 19.10.2024-ൽ വീണ്ടും സംയുക്ത പരിശോധന നടത്തി 25 പൊതു ടാപ്പുകൾ കൂടി കണ്ടെത്തുകയും അവയുടെ ഡിസ്കണക്ഷൻ ചാർജ്ജായി 48,290 രൂപ 20.02.2025-ൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. മുഴുവൻ പൊതു ടാപ്പുകളുടെയും ഡിസ്കണക്ഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ എല്ലാ ടാപ്പുകളുടെയും കണക്ഷൻ വിച്ഛേദിക്കുകയും ബില്ലിംഗിൽ നിന്ന് ഒഴിവാക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ 2025 സെപ്റ്റംബർ 30 വരെയുള്ള കുടിശ്ശികയിനത്തിൽ 43.76 ലക്ഷം രൂപ ഒടുക്ക് വരുത്താനുണ്ടെന്ന് അറിയിച്ച് 17.10.2025-ൽ 100574 നമ്പരായി ഡിമാന്റ് നോട്ടീസ് വീണ്ടും ലഭിച്ചിട്ടുണ്ട്. മുഴുവൻ പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും വീണ്ടും വെള്ളക്കരം ഡിമാന്റ് ചെയ്യുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 22/14.11.2025 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 30.06.2025 വരെയുള്ള പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക സർക്കാർ വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും 30.06.2025 വരെയുള്ള കുടിശ്ശികയും ഫൈനും ഒഴിവാക്കിയതായും 10/2025-ലെ കുടിശ്ശിക 2,05,235 രൂപ മാത്രമാണെന്നും അറിയിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ കുടിശ്ശികയും ഒഴിവാക്കി ലഭിക്കുന്നതിനും തുടർന്നുള്ള മാസങ്ങളിൽ ഡിമാന്റ് നോട്ടീസ് അയയ്ക്കുന്നതിൽ നിന്നും പഞ്ചായത്തിനെ ഒഴിവാക്കുന്നതിനും 03.11.2025-ൽ വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

വെള്ളക്കരം കുടിശ്ശിക ഇനത്തിലുള്ള ബാധ്യത ഒഴിവാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 കോട്ടൂർ ചിറ നവീകരണം-കുഴിച്ചെടുത്ത 1057 Cum മണ്ണ് ലേലം ചെയ്യുന്നതിൽ കാല താമസം- പഞ്ചായത്തിനു വരുമാന നഷ്ടം

2024-25 വർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ കോട്ടൂർ ചിറ നവീകരണം എന്ന പദ്ധതിയുടെ (Proj No. 163/25) ഭാഗമായി കുഴിച്ചെടുത്ത 1057 Cum മണ്ണ് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളിൽ കാലതാമസം വന്നതിനാൽ മണ്ണ് നിക്ഷേപിക്കപ്പെട്ട സ്ഥലം കാടുകയറുകയും തനതു വരുമാനം നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുകയും ചെയ്യുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

വാർഡ് 8-ൽ സ്ഥിതി ചെയ്യുന്ന കോട്ടൂർ ചിറയുടെ ആഴം കൂട്ടുന്നതിന്റെ ഭാഗമായി നീക്കം ചെയ്ത മണ്ണ് ജലാശയത്തിന്റെ വശങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. മണ്ണ് സ്റ്റാക്ക് ചെയ്തതിന്റെ സർവ്വേ റിപ്പോർട്ട് അസി. എഞ്ചിനീയർ 02.05.2024-ൽ തയ്യാറാക്കിയിട്ടുള്ളതും ആയത് 08.05.2024-ൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ളതുമാണ്. ഇതു പ്രകാരം 1057 Cum മണ്ണ് ഉപയോഗ യോഗ്യമാണ്. മണ്ണ് ലേലം ചെയ്യുന്നതിനായി 10.05.2024-ൽ അസി. എഞ്ചിനീയർ സെക്രട്ടറിയ്ക്കു കത്തു നൽകിയിട്ടുണ്ട്.

മണ്ണ് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 06.07.2024-ൽ ലേല പരസ്യവും 17.08.2024-ൽ പുനർ ലേല പരസ്യവും നൽകിയിട്ടുള്ളതാണ്. 27.08.2024-ൽ നടത്താനിരുന്ന പുനർ ലേലം മാറ്റി

വയ്ക്കുന്നതായി 27.08.2024-ൽ സെക്രട്ടറി അറിയിപ്പു നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ലേലം നടത്തുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. 06.03.2025-ൽ അസി. എഞ്ചിനീയർ സെക്രട്ടറിയ്ക്കു നൽകിയ കത്തിനോടൊപ്പം പുതുക്കിയ സർവ്വേ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതു പ്രകാരം മണ്ണിന്റെ വില 1,30,011 രൂപയും റോയൽറ്റി 1,35,296 ഉൾപ്പെടെ 2,65,307 രൂപ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. 17.03.2025-ൽ ജി.എസ്.ടി വകുപ്പിൽ നിന്നും ലഭിച്ച കത്തിൽ കളിമണ്ണിന്റെ വിലയുടെ 5% ജി.എസ്.ടി ഈടാക്കാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച സാഹചര്യത്തിൽ 2015-ലെ കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങളിലെ ചട്ടം 106(2) അനുസരിച്ചും, 2023-ലെ പരിഷ്കരിച്ച നിരക്കിലും അസി. എഞ്ചിനീയർ റോയൽറ്റി നിർണ്ണയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, റോയൽറ്റി കിഴിച്ചുള്ള മണ്ണിന്റെ വിലയ്ക്കു 5% ജി.എസ്.ടി ഈടാക്കിയും മണ്ണിന്റെ ലേല നടപടികൾ നടത്തേണ്ടിയിരുന്നു. മണ്ണ് നീക്കം ചെയ്ത് ഒന്നര വർഷം പൂർത്തിയായിട്ടും ലേല നടപടികൾ നടത്താതിരിക്കുന്നത് വരുമാന നഷ്ടത്തിനു ഇടയാക്കിയിട്ടുണ്ട്. 04.11.2025-ൽ അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിൽ പരിശോധിച്ചതിൽ നിന്നും, മണ്ണ് നിക്ഷേപിച്ചിട്ടുള്ള ഭാഗം കാടു കയറിയ അവസ്ഥയിലാണെന്ന് കാണുന്നു. ലേല നടപടികൾക്ക് കാല താമസം വരുത്തിയതിനുള്ള കാരണം വിശദമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (നം.05/05.11.2025) നൽകി.
മണ്ണിന്റെ സീനിയറേജ് ചാർജ്ജ് നിർണ്ണയിച്ചു നൽകുന്നതിനായി 03.09.2024-ൽ മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസിലേക്കു കത്തു നൽകിയിരുന്നതായും, തുടർന്ന് 16.05.2025-ൽ കോഴഞ്ചേരി തഹസീൽദാർക്കും ഇതേ ആവശ്യത്തിലേക്കായി കത്തു നൽകിയിരുന്നതായും പ്രസ്തുത ഓഫീസുകളിൽ നിന്നും മറുപടികൾ ഒന്നും ലഭിക്കാത്തതിനാലാണ് ലേല നടപടികൾ തുടരാതിരുന്നതെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നിന്നും മണ്ണ് ഖനനം ചെയ്തു ലേലം നടത്തുമ്പോൾ സീനിയറേജ് ചാർജ് ബാധകമല്ലാത്തതും, 2015-ലെ കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങളിലെ ചട്ടം 106(2) അനുസരിച്ചും, 2023-ലെ പരിഷ്കരിച്ച നിരക്കിലും റോയൽറ്റി നിർണ്ണയിച്ചും, മണ്ണിന്റെ വിലയിൽ കളിമണ്ണിനു ബാധകമായ 5% ജി.എസ്.ടിയും ഉൾപ്പെടുത്തി ലേല നടപടികൾ തുടരാവുന്നതാണ്. ലേല നടപടികൾ താമസിക്കുന്ന പക്ഷം കുഴിച്ചെടുത്ത മണ്ണ് ഒലിച്ചു പോകാനും, കാടു കയറി മണ്ണ് നിക്ഷേപിച്ച സ്ഥലം കണ്ടെത്താൻ സാധിക്കാതെ വരുന്ന സാഹചര്യം സൃഷ്ടിക്കപ്പെടാനും സാധ്യത നിലനിൽക്കുന്നു. മണ്ണ് ലേലം ചെയ്യുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തുന്ന വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-20 കുടുംബശ്രീയുമായി ബന്ധപ്പെട്ട് 1.21 കോടി രൂപയുടെ ക്രമക്കേട്

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീയുടെ മൂന്ന് അക്കൗണ്ടുകളിൽ നിന്നായി സി.ഡി.എസ് അക്കൗണ്ടന്റ്, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുടെ നേതൃത്വത്തിൽ 1.21 കോടി രൂപയുടെ ക്രമക്കേട് നടത്തി. കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ലോൺ ഇനത്തിൽ സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ലഭിച്ച ഒരു കോടി ഏഴ് ലക്ഷം രൂപ, CEF അക്കൗണ്ടിൽ നിന്നുമുള്ള പതിനൊന്ന് ലക്ഷം രുപ, അഗതി രഹിത കേരളം അക്കൗണ്ടിൽ നിന്നും 3,71,800 രൂപ എന്നിവ ഉൾപ്പെടെ 1,21,71,800 രൂപയുടെ (ഒരു കോടി ഇരുപത്തൊന്ന് ലക്ഷത്തി എഴുപത്തോരായിരത്തി എണ്ണൂറ് രൂപ) ക്രമക്കേടാണ് നടത്തിയത്.

കുടുംബശ്രീ യോഗങ്ങളുടെ മിനിട്സ് ബുക്ക്, ഭരണസമിതി യോഗങ്ങളുടെ മിനിട്സ് ബുക്ക്, വിവിധ തലങ്ങളിൽ നൽകിയ പരാതി സംബന്ധമായ ഫയലുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, ഓഡിറ്റ് എൻക്വയറി നമ്പർ-19/12-11-2025-ന് ലഭ്യമാക്കിയ മറുപടി എന്നിവയെ അടിസ്ഥാനമാക്കിയാണ് ക്രമക്കേട് സംബന്ധമായ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>വ്യാജ രേഖകൾ ചമച്ച് ലോൺ തുക തട്ടിയെടുത്തു</u>

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് സംരംഭങ്ങൾ

ആരംഭിക്കുന്നതിനായി ലോൺ ഇനത്തിൽ 2022 സെപ്റ്റംബറിൽ 1,07,00,000 (ഒരു കോടി ഏഴ് ലക്ഷം രൂപ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പത്തനംതിട്ട ശാഖയിൽ നിന്നും അനുവദിച്ചിരുന്നു. കുടുംബശ്രീ മുൻ അക്കൗണ്ടന്റ് സൂര്യ കൃഷ്ണൻ പഞ്ചായത്തിലെ 142 കുടുംബശ്രീ അംഗങ്ങളുടെ ഒപ്പുകൾ വ്യാജമായി ഇട്ട് രേഖകൾ കൃത്രിമമായി തയ്യാറാക്കിയാണ് ലോൺ തരപ്പെടുത്തിയതെന്നു് സി.ഡി.എസ് മിനിട്സ്, പഞ്ചായത്ത് കമ്മിറ്റി മിനിട്സ് എന്നിവയിൽ സൂചിപ്പിക്കുന്നു. സി.ഡി.എസ്-ന്റെ തെക്കേമല ഫെഡറൽ ബാങ്ക് ബ്രാഞ്ചിലെ അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നമ്പർ- 15190100477860) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും തുക ക്രഡിറ്റ് ചെയ്തത്.

വ്യാജരേഖകൾ തയ്യാറാക്കി 20,00,000 രൂപ (ഇരുപത് ലക്ഷം രുപ) സൂര്യ കൃഷ്ണന്റെ എസ്.ബി.ഐ കോഴഞ്ചേരി ബ്രാഞ്ചിലെ അക്കൗണ്ടിലേക്കും 20,00,000 രൂപ (ഇരുപത് ലക്ഷം രുപ) സൂര്യ കൃഷ്ണന്റെ ഭർത്താവ് രാജീവ് കുമാറിന്റെ എസ്.ബി.ഐ ആറന്മുള ബ്രാഞ്ചിലെ അക്കൗണ്ടിലേക്കും 20,00,000 രൂപ (ഇരുപത് ലക്ഷം രുപ) രാജീവ് കുമാറിന്റെ അമ്മ അന്നമ്മ ബാലകൃഷ്ണന്റെ എസ്.ബി.ഐ, ആറന്മുള ബ്രാഞ്ചിലെ അക്കൗണ്ടിലേക്കും 4,00,000 രൂപ ടിയാളുടെ തന്നെ സെൻട്രൽ ബാങ്ക് അക്കൗണ്ടിലേക്കും (ആകെ 64 ലക്ഷം രൂപ) വക മാറ്റുകയും, ഇത് കൂടാതെ സി.ഡി.എസ് ചെയർപേഴ്സൺ ശ്രീകുമാരിയുടെ കോഴഞ്ചേരി എസ്.ബി.ഐ അക്കൗണ്ടിലേക്ക് 10,00,000 രൂപയും, മുൻ സി.ഡി.എസ് ചെയർപേഴ്സൺ ബിന്ദു.റ്റിവി-യുടെ സൗത്ത് ഇൻഡ്യൻ ബാങ്ക് അക്കൗണ്ടിലേക്ക് 10,00,000 രൂപയും, കുടുംബശ്രീ സി.ഡി.എസ് അംഗം അജിത, കുടുംബശ്രീ അംഗം മായ എന്നിവരുടെ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് 10,00,000 രൂപയും വക മാറ്റി. ഇപ്രകാരം ആകെ ലഭിച്ച 1,07,00,000 രൂപയിൽ 94,00,000 രൂപ ക്രമവിരുദ്ധമായി കുടുംബശ്രീ അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ വിവിധ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ചു. ബാക്കി 13,00,000 രൂപയിൽ 4,00,000 രൂപ വീതം രണ്ട് ജെ.എൽ.ജി-കൾക്കും (കൃപ ജെ.എൽ.ജി & നന്മ ജെ.എൽ.ജി), 5,00,000 രൂപ ദർശന കുടുംബശ്രീ യൂണിറ്റിനുമാണ് നൽകിയത്. ലഭിച്ച 13,00,000 രൂപയുടെ മുതലും പലിശയും മൂന്ന് യൂണിറ്റുകളും കൃത്യമായി അടവാക്കുന്നുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സി.ഡി.എസ് മെമ്പർ സെക്രട്ടറി അറിയിച്ചത്.

ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറി കൂടിയായ ഗ്രാമപഞ്ചായത്തിലെ അസ്സിസ്റ്റന്റ് സെക്രട്ടറി ആറന്മുള പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കുകയും അന്ന് തന്നെ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ വിവരം അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 12/11/2024-ന് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അദ്ധ്യക്ഷതയിൽ പൊതുസഭ ചേരുകയും 20/11/2024-ന് ക്രമക്കേട് സംബന്ധിച്ച് പരിശോധിക്കുന്നതിനായി രൂപീകരിച്ച സബ്കമ്മിറ്റി ചേരുകയും ചെയ്തു. സബ്ബ് കമ്മിറ്റി ചെയർമാനായ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പ്രദീപ് കുമാറിന്റെ കൈവശം അക്കൗണ്ടന്റ് സൂര്യ കൃഷ്ണനും മുൻ സി.ഡി.എസ് ചെയർപേഴ്സൺ ബിന്ദു.റ്റി.വി-യും സെക്യൂരിറ്റി ചെക്ക് നൽകുകയും ശ്രീകുമാരി, മായ, അജിത എന്നിവർ പൊതുസഭ തീരുമാന പ്രകാരമുള്ള സെക്യൂരിറ്റി ചെക്ക് നൽകുന്നതിന് സാധിക്കുകയില്ലായെന്ന് പൊതു സഭയെ അറിയിക്കുകയും ചെയ്തു.

കരുണ കുടുംബശ്രീക്ക് അനുവദിച്ച 10,00,000 രൂപ മുൻ സി.ഡി.എസ് ചെയർപേഴ്സൺ ആയിരുന്ന ബിന്ദു റ്റി.വി-യുടെ അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളതെന്നും 6,66,672 രൂപ നിലവിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കി തുക തിരിച്ചടക്കാമെന്നും, ചൈതന്യ കുടുംബശ്രീക്ക് അനുവദിച്ച 10,00,000 രൂപ മുൻ സി.ഡി.എസ് ചെയർപേഴ്സൺ ആയിരുന്ന ശ്രീകുമാരിയുടെ അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളതെന്നും 6,50,422 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കി തുക തിരിച്ചടക്കാമെന്നും, വാർഡ് 5-ലെ ചൈതന്യ കുടുംബശ്രീക്ക് അനുവദിച്ച 10,00,000 രൂപ മുൻ സി.ഡി.എസ് അംഗം അജിതയുടെയും എ.ഡി.എസ് അംഗം മായയുടെയും അക്കൗണ്ടിലേക്കാണ് പോയിട്ടുള്ളതെന്നും 5,68,163 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

മുൻ സി.ഡി.എസ് അംഗം അജിത, എ.ഡി.എസ് അംഗം മായ എന്നിവർക്കു ലഭിച്ച തുക മുഴുവൻ

അക്കൗണ്ടന്റ് ആയ സൂര്യ കൃഷ്ണൻ തങ്ങളുടെ കൈയ്യിൽ നിന്നും വാങ്ങിയിട്ടുള്ളതാണെന്നും ആയതിനാൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തിരിച്ചടക്കാൻ കഴിയില്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്. മുൻ അക്കൗണ്ടന്റ് ആയ സൂര്യ കൃഷ്ണൻ, ഭർത്താവ് രാജീവ്, അമ്മ അന്നമ്മ ബാലകൃഷ്ണൻ എന്നിവരുടെ അക്കൗണ്ടിലേക്ക് വക മാറ്റിയ 64 ലക്ഷം രൂപയിൽ 44,06,820 രൂപ നിലവിൽ അടവാക്കിയിട്ടുണ്ടെന്നും ടിയാനെ ഗ്രാമപഞ്ചായത്തിൽ നിന്നും പുറത്താക്കിയതിന് ശേഷം (2024 ഏപ്രിൽ) തുകയൊന്നും അടവാക്കിയിട്ടില്ലായെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾക്ക് ദാരിദ്യ ലഘൂകരണത്തിനായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനിൽ നിന്നും അനുവദിച്ച തുകയാണ് മുൻ അക്കൗണ്ടന്റായ സൂര്യ കൃഷ്ണൻ, മുൻ സി.ഡി.എസ് ചെയർപേഴ്സൺമാരായ ബിന്ദു, ശ്രീകുമാരി, സി.ഡി.എസ് അംഗം അജിത, കുടുംബശ്രീ അംഗം മായ എന്നിവർ ചേർന്ന് തട്ടിയെടുത്തതായി സി.ഡി.എസ് മെമ്പർ സെക്രട്ടറി (25/11/2024-ലെ നമ്പർ എം.CDS/333/2024) ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ പറഞ്ഞിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഓരോ കുടുംബശ്രീ യൂണിറ്റുകളുടെയും അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് പകരം സി.ഡി.എസ്-ന്റെ ഒരു അക്കൗണ്ടിലേക്ക് മാത്രമായി സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനിൽ നിന്നും തുക അനുവദിച്ച് നൽകിയ നടപടി ദുരൂഹവും അന്വേഷണത്തിന് വിധേയമാക്കേണ്ടതുമാണ്.

2) **<u>CEF അക്കൗണ്ടിൽ നിന്നും 11 ലക്ഷം രൂപ ക്രമവിരുദ്ധമായി പിൻവലിച്ചു</u>**

സി.ഡി.എസ് അക്കൗണ്ടന്റ് ആയ സൂര്യ കൃഷ്ണൻ ഫെഡറൽ ബാങ്ക്, തെക്കേമല ബ്രാഞ്ചിലെ (അക്കൗണ്ട് നമ്പർ-151901007422) അക്കൗണ്ടിൽ നിന്നും മെമ്പർ സെക്രട്ടറിയുടെയും സി.ഡി.എസ് ചെയർപേഴ്സന്റെയും വ്യാജ ഒപ്പും സീലും ഉപയോഗിച്ച് 08/06/2023-ൽ 9,50,000 രൂപയും (ചെക്ക് നമ്പർ-10077380) 28/12/2023-ൽ 1,50,000 രൂപയും (ചെക്ക് നമ്പർ-10077382) ഉൾപ്പെടെ 11 ലക്ഷം രൂപ CEF (Community Enterpreneurship Fund) അക്കൗണ്ടിൽ നിന്നും പിൻവലിച്ചു. അപാഹരണം കണ്ടെത്താതിരിക്കാൻ ടി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് സി.ഡി.എസ് അക്കൗണ്ടന്റ് കൃത്രിമമായി തയ്യാറാക്കി. ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക 2024 മാർച്ച് മാസം പല തവണകളിലായി തിരിച്ചടച്ചു. ഇത് സംബന്ധിച്ച വിശദമായ പരാതി ആറന്മുള പോലീസ് സ്റ്റേഷനിലും ജില്ലാ മിഷൻ കോർഡിനേറ്റർക്കും നൽകിയതായി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അസ്സിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക തിരികെ അടവാക്കിയെങ്കിലും ക്രമക്കേട് സംബന്ധിച്ച കുറ്റം ഇല്ലാതാകുന്നില്ല. ആയതിനാൽ ടി തട്ടിപ്പിൽ അക്കൗണ്ടന്റിനെതിരെ നിയമനടപടി ഉണ്ടാകേണ്ടതാണ്.

3) <u>അഗതി രഹിത കേരളം അക്കൗണ്ടിൽ ക്രമക്കേട് നടത്തി</u>

കുടുംബശ്രീയുടെ അഗതി രഹിത കേരള പദ്ധതിയുടെ അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നമ്പർ-1856411523, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, തെക്കേമല ബ്രാഞ്ച്) 2023-24 സാമ്പത്തിക വർഷത്തിൽ 70,800 രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 3,01,000 രൂപയും ഉൾപ്പെടെ 3,71,800 രൂപ ക്യാഷ് ആയി പിൻവലിച്ചിട്ടുണ്ട്. ബാങ്ക് ഡീറ്റെയിൽസ് എടുത്തപ്പോൾ ചെക്കിന്റെ പുറത്ത് സൂര്യ എന്ന പേരാണ് (കുടുംബശ്രീ അക്കൗണ്ടന്റ്) രേഖപ്പെടുത്തിയിട്ടുള്ളതെന്നാണ് 30/05/2024-ലെ സി.ഡി.എസ് യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിനായിട്ടാണ് തുക മാറിയെടുത്തതെന്നും എന്നാൽ പ്രസ്തുത തുക ത്രിവേണി സൂപ്പർമാർക്കറ്റിൽ നൽകിയിട്ടില്ലായെന്നുമാണ് മെമ്പർ സെക്രട്ടറി അറിയിച്ചത്. ബാങ്കിൽ നിന്നും ലഭിച്ച പ്രസ്തുത ചെക്കുകളുടെ പകർപ്പുകൾ പരിശോധിച്ചതിൽ നിന്നും ആ സമയത്തെ മെമ്പർ സെക്രട്ടറിമാരുടെ ഒപ്പും സീലും വ്യാജമായി ഉപയോഗിച്ചാണ് ക്രമക്കേട് നടത്തിയതെന്നും ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

മെമ്പർ സെക്രട്ടറി ആറന്മുള പോലീസ് സ്റ്റേഷനിൽ നൽകിയിട്ടുള്ള പരാതിയിൽ 2022-23, 2023-24

വർഷങ്ങളിൽ നടത്തിയ ക്രമക്കേടിന്റെ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വർഷങ്ങളിൽ കുടുംബശ്രീ ഭക്ഷണകിറ്റ് വിതരണം ചെയ്ത വകയിൽ ത്രിവേണിക്ക് നൽകാനെന്ന വ്യാജേന സെൽഫ് ചെക്ക് മാറി തുക തട്ടിയെടുത്ത സാഹചര്യത്തിൽ സ്റ്റേറ്റ്മെന്റ് ലഭ്യമായ 2017-18 മുതലുള്ള വർഷങ്ങളിലെ ഇടപാടുകൾ ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കി. 2017-18 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലായി ചുവടെ പറയും പ്രകാരം 18,53,250 രൂപ സെൽഫ് ചെക്കായി സി.ഡി.എസ് അക്കൗണ്ടന്റ് മാറിയെടുത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഓഡിറ്റ് തെളിവായി സൂക്ഷിച്ചിട്ടുണ്ട്)

ക്രമ നം.	വർഷം	വിശദാംശങ്ങൾ	തുക
1	2017-18	31540 X 6 (ആറ് തവണകൾ)	189240
2	2018-19	31540 X 7 + 2400 +3030 (ഒൻപത് തവണകൾ)	226210
3	2019-20	43000 X 6 + 42500 X 2 + 22500 + 5500 + 7000 (പതിനൊന്ന് തവണകൾ)	378000
4	2020-21	43000 X 9 (ഒൻപത് തവണകൾ)	387000
5	2021-22	43000 X 7 (ഏഴ് തവണകൾ)	301000
6	2022-23	43000 X 7 (ഏഴ് തവണകൾ)	301000
7	2023-24	35400 X 2 (രണ്ട് തവണകൾ)	70800
		ആകെ	**1853250**

സൂര്യ കൃഷ്ണൻ 2010 ജൂലൈ 15 മുതൽ 2024 ഏപ്രിൽ 2 വരെയുള്ള കാലയളവിൽ കുടുംബശ്രീ അക്കൗണ്ടന്റ് തസ്തികയിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തു. ഗ്രാമപഞ്ചായത്ത് പോലീസിൽ നൽകിയ പരാതിയിൽ 2022-23, 2023-24 വർഷങ്ങളിൽ ക്യാഷ് ചെക്ക് ഉപയോഗിച്ച് തുക പിൻവലിച്ചതിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമായ 2017-18 മുതലുള്ള കാലയളവിലെ ഇടപാടുകൾ പരിശോധിച്ചതിൽ നിന്നും **18,53,250** രൂപ ക്യാഷ് ചെക്കായി പിൻവലിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധമായ വൗച്ചറുകളോ മറ്റ് രേഖകളോ കുടുബശ്രീ ഓഫീസിൽ സൂക്ഷിക്കാത്ത സാഹചര്യത്തിൽ **18,53,250** രൂപയുടെ ചെലവ് ബോധ്യപ്പെടാത്ത സാഹചര്യമാണ്. ടിയാൾ 2010 ജൂലൈ 15 മുതൽ അക്കൗണ്ടന്റായി ജോലി ചെയ്തതിനാൽ 2010-11 മുതലുള്ള ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട അക്കൗണ്ടിലെ ഇടപാടുകളിൽ ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ സമഗ്രമായ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ആകെ 1,21,71,800 രൂപയുടെ ക്രമക്കേടാണ് നടന്നിട്ടുള്ളതെന്നാണ് ബോധ്യപ്പെട്ടിട്ടുള്ളത്. കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഒൻപത് അക്കൗണ്ടുകളാണ് നിലവിലുള്ളത്. അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	Account No.	Bank, Branch	Purpose
1	15190100454505	Federal Bank, Thekkemala	CDS Own Fund Account (നിലവിൽ ട്രാൻസാക്ഷൻ ഇല്ല)
2	15190100474222	Federal Bank, Thekkemala	CEF Fund Account (സംരംഭകർക്കുള്ള ലോൺ അക്കൗണ്ട്- നിലവിൽ ട്രാൻസാക്ഷൻ ഇല്ല)
3	15190100477860	Federal Bank, Thekkemala	KSBCDC Fund (പിന്നാക്ക വികസന കോർപ്പറേഷനിൽ നിന്നുമുള്ള ലോൺ അക്കൗണ്ട്)

4	110198583774	Canara Bank, Aranmula	CDS Own Fund Account
5	110199219860	Canara Bank, Aranmula	CEF Fund Account (സംരംഭകർക്കുള്ള ലോൺ അക്കൗണ്ട്)
6	3300917311	Central Bank, Thekkemala	FFC Fund Account (സംഘകൃഷി ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട അക്കൗണ്ട്)
7	3480639479	Central Bank, Thekkemala	Snehanidhi Fund Account (ക്യാൻസർ ബാധിതരായിട്ടുള്ള കുടുംബശ്രീ അംഗങ്ങൾക്ക് നൽകുന്ന ധനസഹായം)
8	5492504793	Central Bank, Thekkemala	EPEP Fund Account (അതി ദരിദ്രർക്കുള്ള ഫണ്ട് കൈകാര്യം ചെയ്യുന്ന അക്കൗണ്ട്)
9	1856411523	Central Bank, Thekkemala	DFK Fund Account (അഗതി രഹിത കേരളം പദ്ധതി അക്കൗണ്ട്)

മുകളിൽ പറഞ്ഞത് പ്രകാരമുള്ള എല്ലാ അക്കൗണ്ടുകളുമായി ബന്ധപ്പെട്ടുള്ള എല്ലാ ട്രാൻസാക്ഷൻസും പരിശോധനക്ക് വിധേയമാക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ക്രമക്കേടുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും ആറന്മുള പോലീസ് സ്റ്റേഷനിലും കുടുംബശ്രീ ജില്ലാ മിഷനിലും പഞ്ചായത്ത് ജോയിന്റ് ഡയറക്ടർക്കും ജില്ലാ പോലീസ് മേധാവിക്കും പരാതി നൽകിയിട്ടുണ്ട്. കുടുംബശ്രീയുമായി ബന്ധപ്പെട്ട വിവിധ അക്കൗണ്ടുകൾ പരിശോധിക്കുന്നതിലും ബാങ്ക് റെക്കൺസിലിയേഷൻ നടത്താത്തതും സെൽഫ് ചെക്കുകൾ ഒപ്പിട്ടു നൽകുന്നതും കുടുംബശ്രീ മെമ്പർ സെക്രട്ടറിമാരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. കൂടാതെ ഭരണസമിതി പ്രസ്തുത വിഷയത്തിൽ ഗൗരവപരമായ നടപടി സ്വീകരിക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമല്ല. ക്രിമിനൽ നടപടികൾ, സിവിൽ വ്യവഹാരം, റവന്യൂ റിക്കവറി തുടങ്ങിയ നടപടികൾ സ്വീകരിക്കാതെ സെക്യൂരിറ്റി ചെക്ക് വാങ്ങി തട്ടിപ്പ് ലഘൂകരിക്കാൻ കുടുംബശ്രീ മിഷൻ സ്വീകരിച്ച നടപടി ഉചിതമല്ല.

ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചതായാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. തട്ടിപ്പിന്റെ വ്യാപ്തി സി.ഡി.എസ് മുൻ അക്കൗണ്ടന്റ്, സി.ഡി.എസ് ചെയർപേഴ്സൺമാർ, ആരോപണവിധേയരായ മറ്റ് കുടുംബശ്രീ ഭാരവാഹികൾ എന്നിവരിൽ മാത്രം ഒതുങ്ങുന്നതാണോയെന്ന് വിപുലമായ ഒരു അന്വേഷണത്തിലൂടെ തെളിയിക്കപ്പെടേണ്ടതാണ്. ആയതിനായി പഞ്ചായത്ത് തലത്തിൽ വകുപ്പ് തല അന്വേഷണം, ക്രിമിനൽ കേസ്, കുടുംബശ്രീ ജില്ലാ മിഷൻ മുഖേനയുള്ള അന്വേഷണം എന്നിവ അനിവാര്യമാണ്. ഇതോടൊപ്പം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കുടുംബശ്രീ ഓഡിറ്റ് മുഖേനയും 2010-11 മുതൽ 2023-24 സാമ്പത്തിക വർഷം വരയുള്ള കുടുംബശ്രീയുടെ വിവിധ അക്കൗണ്ടുകളിലെ ഇടപാടുകൾ സംബന്ധിച്ച് ഒരു സമഗ്ര പരിശോധനയ്ക്കും ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

1-21 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം

അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക

സാഹചര്യങ്ങൾ മുതലായവ പ്രധാനം ചെയ്ത് ബാല സൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകേണ്ടതാണെന്നും എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്നും പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.84/2022/തസ്വഭവ തീ:19.04.2022) ഖ.8.8.2.-ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 13 അങ്കണവാടികളിൽ 6 എണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. ഒരു അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമായിട്ടും കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 13 അങ്കണവാടികളിൽ 2 എണ്ണത്തിനു മാത്രമാണ് ശിശു സൗഹൃദ ടോയ്ലറ്റ് സൗകര്യമുള്ളത്. അങ്കണവാടി നം. 73 ഒറ്റ മുറി കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തത അങ്കണവാടിക്ക് ടോയ്ലറ്റ്, പ്രത്യേക അടുക്കള എന്നിവയില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചെലവഴിക്കാൻ സാധിക്കുന്ന കേന്ദ്രവിഹിതം 27.90 ലക്ഷം രൂപ 31.03.2025-ൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന് ലഭിച്ച കേന്ദ്രസഹായത്തിലെ ശേഷിച്ച തുകയാണിത്. പ്രസ്തുത തുക വിനിയോഗിച്ച്, സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് 03.09.2010-ലെ 39033/ഡി.സി.2/10/തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-22 തെരുവ് വിളക്കുകളുടെ പരിപാലനം - വാങ്ങൽ നടപടികളിൽ അപാകം

പ്രോജക്ടിന്റെ പേരും നമ്പരും	തെരുവ് വിളക്ക് പരിപാലനവും ഉപകരണങ്ങൾ വാങ്ങലും (19/25)
വകയിരുത്തിയ തുക	1,59,500 (CFC)
ചെലവഴിച്ച തുക	1,58,850(CFC)
ചെക്ക് നമ്പരും തീയതിയും	1,49,560 (PFMS Transfer On 04-11-2024) 9,290 (PFMS Transfer On 14-03-2025)
നിർവ്വഹണ ഉദ്യോഗസ്ഥ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടി തയ്യാറാക്കിയ പ്രോജക്ടാണിത്. ടെണ്ടർ നടപടികൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. വിനോദ് റ്റി.കെ, തടത്തിൽ, പനച്ചിക്കാട്, കോട്ടയം എന്നയാളുടെ ടെണ്ടറാണ് അംഗീകരിച്ചത്. ഭരണസമിതിയുടെ 06/08/2024-ലെ 3-ാം നമ്പർ തീരുമാന പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചത്. ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വിപ്രൊ എൽ.ഇ.ഡി ബൾബ് (12W) 85 രൂപ നിരക്കിലും (ജി.എസ്.ടി ഉൾപ്പെടെ) മറ്റ് അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 13/08/2024-ലെ എം.4-09/24 നമ്പർ കത്ത് പ്രകാരം കരാറുകാരന് സപ്ലൈ ഓർഡർ നൽകി.

2024-25 സാമ്പത്തിക വർഷം തന്നെ ശബരിമല തീർത്ഥാടനം- അടിസ്ഥാന സൗകര്യം (പ്രോജക്ട് നമ്പർ-36/25) എന്ന പേരിൽ തിരുവാഭരണ പാതയിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തനത് ഫണ്ട് വകയിരുത്തി ഒരു പ്രോജക്ട് നടപ്പിലാക്കിയിരുന്നു. പ്രോജക്ട് പ്രകാരം ടെണ്ടർ നടപടി

കൂടാതെ 15W എൽ.ഇ.ഡി ബൾബുകൾ 500 എണ്ണം ക്രൂസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നു. ജി.എസ്.ടി ഉൾപ്പെടെ 217.25 രൂപയായിരുന്നു ഒരു ബൾബിന്റെ വില. 500 ബൾബുകൾ വാങ്ങുന്നതിനായി 11/12/2024-ലെ എം.4-09/24 നമ്പർ കത്ത് പ്രകാരം ക്രൂസിന് സപ്ലൈ ഓർഡർ നൽകി. ഭരണസമിതിയുടെ 29/11/2024-ലെ 3(1)-ാം നമ്പർ തീരുമാന പ്രകാരമാണ് ബൾബുകൾ വാങ്ങുന്നതിനായി സപ്ലൈ ഓർഡർ നൽകിയത്. 500 ബൾബുകൾ വാങ്ങിയതിന്റെ വിലയായി 1,08,625 രൂപ 14/03/2025-ൽ സ്ഥാപനത്തിന് നൽകുകയും ചെയ്തു.

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി ഒരേ കാലയളവിൽ തന്നെ നടപ്പിലാക്കിയ പ്രോജക്ടാണ്. പ്രോജക്ട് നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

2) തെരുവ് വിളക്കുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രോജക്ടിൽ 12W എൽ.ഇ.ഡി ബൾബുകൾ 85 രൂപ നിരക്കിലും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ 15W എൽ.ഇ.ഡി ബൾബുകൾ 217.25 രൂപ നിരക്കിലുമാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. 15W എൽ.ഇ.ഡി-യുടെ മാർക്കറ്റ് വില സംബന്ധിച്ച് അന്വേഷണം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ക്രൂസ് എന്ന സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല.

3) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ചെലവുകൾ എല്ലാ വർഷവും ഒരേ സമയം ആവർത്തിക്കുന്നതാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ആവശ്യത്തിന് സമയമുള്ളതിനാൽ അടിയന്തിരമായുള്ള വാങ്ങലുകൾക്ക് സാഹചര്യമില്ല. എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ടുള്ള വാങ്ങലാണ് നടത്തിയിരിക്കുന്നത്.


അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.9/07-11-2025) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര സാഹചര്യം പരിഗണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രോജക്ടിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ നെഗോസിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല. അപ്രകാരം ചെയ്തിരുന്നെങ്കിൽ ഉയർന്ന വിലക്ക് തെരുവ് വിളക്ക് വാങ്ങിയ നടപടി ഒഴിവാക്കാൻ കഴിയുമായിരുന്നു. സ്ഥാപനത്തിന്റെ സാമ്പത്തിക നേട്ടം സംരക്ഷിക്കുന്നതിൽ ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും വീഴ്ച സംഭവിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് മുൻകൂട്ടിയുള്ള നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

1-23 നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിച്ചില്ല

പ്രോജക്ടിന്റെ പേരും നമ്പരും	നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കൽ (162/25)
വകയിരുത്തിയ തുക	1,00,000 (സി.എഫ്.സി)
ചെലവഴിച്ച തുക	94,000
തുക ട്രാൻസ്ഫർ ചെയ്ത തീയതി	09-07-2024
നിർവ്വഹണ ഉദ്യോഗസ്ഥ	വി.ഇ.ഒ

ഭരണസമിതിയുടെ 10/11/2023-ലെ 1(9)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിലെ എം.സി.എഫിലും ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലും നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണ്. ഇ-ടെണ്ടർ നടപടികൾ പ്രകാരം ഫ്ലോളറ്റ് ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്. 47,000 രൂപയായിരുന്നു ഒരു യൂണിറ്റിന്റെ വില.





പഞ്ചായത്തിൽ സ്ഥാപിച്ച മെഷീൻ **ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന മെഷീൻ**

വാങ്ങിയ ഉപകരണങ്ങളിൽ ഒന്ന് വി.ഇ.ഒ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. രണ്ടാമത്തെ മെഷീൻ ഗ്രാമപഞ്ചായത്തിലെ ബാത്ത് റൂമിൽ സ്ഥാപിച്ചെങ്കിലും വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. കരാർ സ്ഥാപനവും നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ എഗ്രിമെന്റ് വയ്ക്കാത്ത സാഹചര്യത്തിൽ വാറന്റി കാലയളവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം. 15/10-11-2025) ഗ്രാമപഞ്ചായത്തിലെ എം.സി.എഫിലും ടേക്ക് എ ബ്രേക്ക് കെട്ടിടത്തിലും ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാതിരുന്നതിനാലാണ് നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കാൻ കഴിയാത്തതെന്ന് മറുപടി അറിയിച്ചു. ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

നിലവിലും നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 94,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭരണസമിതി തീരുമാന പ്രകാരമുള്ള സ്ഥലങ്ങളിൽ നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി രണ്ട് പ്രോജക്ടുകളിലാണ് 2024-25 സാമ്പത്തിക വർഷം തുക ചെലവഴിച്ചത്. എന്നാൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

പ്രോജക്ടിന്റെ പേരും നമ്പരും	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (31/25)
വകയിരുത്തിയ തുക	6,00,000 (വികസന ഫണ്ട്-എസ്.സി.പി)
ചെലവഴിച്ച തുക	4,30,000

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് മൂന്ന് പേർക്കാണ് ആനുകൂല്യം നൽകിയത്. എന്നാൽ തുക കൈപ്പറ്റിയ മൂന്ന് പേരും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ പേരും വിലാസവും	**കൈപ്പറ്റിയ തുക**
സഞ്ജയ് കൃഷ്ണ, C/O ഗോപാലകൃഷ്ണൻ മൂർത്തി പറമ്പിൽ, കർത്തവ്യം	170000
സംഗീത്, C/O സജീവ് എം.ജി മുരുപ്പേൽ, കാരംവേലി	170000
അശ്വിനി മധു, പ്ലാം തോട്ടത്തിൽ വീട്, കുഴിക്കാല പി.ഒ	90000

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല. തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2)

പ്രോജക്ടിന്റെ പേരും നമ്പരും	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (107/24, 133/25)
വകയിരുത്തിയ തുക	6,00,000 (വികസന ഫണ്ട്- എസ്.സി.പി)
ചെലവഴിച്ച തുക	4,60,000

പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട് മൂന്നു പേർക്കാണ് ആനുകൂല്യം നൽകിയത്. എന്നാൽ തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ രണ്ട് പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഗുണഭോക്താവിന്റെ പേരും വിലാസവും	**കൈപ്പറ്റിയ തുക**
രഹിത ആനന്ദൻ, ചിറയിൽ വീട്, തെക്കേമല	90000
ലക്ഷ്മി ഭാസ്ക്കർ, C/O നവാസ് കെ. ഭാസ്ക്കർ കണ്ണങ്കാട്ടു പറമ്പിൽ, ഓന്തേക്കാട് പി.ഒ	170000

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല. 2023-24 വർഷം ആവിഷ്ക്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ രണ്ട് പേർ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.6/5-11-2025) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ പറഞ്ഞ ഗുണഭോക്താക്കളെല്ലാം 2025-26 സാമ്പത്തിക വർഷം പഠനമുറി നിർമ്മാണം പൂർത്തീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയതിന് ശേഷം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

1-25 ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ - 21978 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു

പ്രോജക്ടിന്റെ പേര്, നം.	ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (05/24-25)
അടങ്കൽ	1,00,000 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)
ചെലവഴിച്ച തുക	1,00,000 (BRN-2405055201690101904 1/18.12.2024)

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു ലഭ്യമാക്കുന്നതിന്, ഹോംകോയുടെ പ്രൊഫോർമ ഇൻവോയ്സ് നം. PF 361/07.10.2024-ന്റെ അടിസ്ഥാനത്തിൽ 1,00,000 രൂപ ട്രഷറി ബിൽ നം. 7/24-25/12.12.24 പ്രകാരം ഹോംകോ-യ്ക്ക് നൽകിയിട്ടുണ്ട്. മൂന്ന് തവണകളായി 78,022 രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 21,978 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് എ.എം.സി-കരാർ വ്യവസ്ഥ പാലിച്ചില്ല

പ്രോജക്ടിന്റെ പേരും നമ്പരും	ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉപകരണങ്ങൾക്ക് എ.എം.സി (37/25)
വകയിരുത്തിയ തുക	60,000 (Own Fund)
ചെലവഴിച്ച തുക	18,337 (Own Fund)
ചെക്ക് നമ്പരും തീയതിയും	2082869/06-03-2025
നിർവ്വഹണ ഉദ്യോഗസ്ഥ	സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 2KVA UPS, 5KVA UPS എന്നിവയുടെ മെയിന്റനൻസിനായി മുകളിൽ പറഞ്ഞത് പ്രകാരം 18,337 രൂപ കെൽട്രോൺ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 06.03.2025-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിരുന്നു. കരാർ പ്രകാരം കാലാവധി 06.06.2024 മുതൽ 05.06.2025 വരെയുള്ള കാലയളവിലേക്കായിരുന്നു. UPS ഉപകരണങ്ങളുടെ മെയിന്റനൻസ് ലഭിക്കുന്നതിനായി കരാർ പ്രകാരം (ഖണ്ഡിക 2.8) മുഴുവൻ AMC തുകയും അഡ്വാൻസായി കെൽട്രോണിന് നൽകണമായിരുന്നു. എന്നാൽ കരാർ കാലാവധി അവസാനിക്കാൻ മൂന്ന് മാസം ഉള്ളപ്പോൾ മാത്രമാണ് കരാർ സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് AMC-യുടെ പ്രയോജനം ലഭിച്ചിരുന്നോ, സാധുതയില്ലാത്ത കരാറിന്മേൽ തുക നൽകിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.8/07-11-2025) തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

AMC കരാർ വ്യവസ്ഥ പ്രകാരം തുക മുൻകൂർ നല്കണമെന്നിരിക്കെ കരാർ കാലയളവിനിടയിൽ തുക നൽകിയതിൽ കരാർ ലംഘനം ഉണ്ടായിട്ടുണ്ട്. നിയമസാധുത ഇല്ലാത്ത കരാർ പ്രകാരമാണ് തുക നല്കിയത്. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

1-27 ലൈഫ് പദ്ധതി-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക	കൈപ്പറ്റിയ തീയതി
1	വിപിൻ കൃഷ്ണൻ, തോലുപറമ്പിൽ, കോഴഞ്ചേരി	40000	13-01-2020
		160000	16-02-2021
2	അനിൽ കുമാർ, അകത്തു കുളത്ത്, മല്ലപ്പുഴശ്ശേരി	40000	05-03-2021
3	ഗോപാലകൃഷ്ണൻ, ചിറയിൽ, മല്ലപ്പുഴശ്ശേരി	40000	06-08-2021
4	അനീഷ് എസ്, അമ്പാട്ട് തെക്കേതിൽ, മല്ലപ്പുഴശ്ശേരി	40000	19-09-2022

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 14/10-11-2025) നൽകിയിരുന്നു. ക്രമ നം. 1, 2, 4 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും ക്രമ നം. 3 പ്രകാരമുള്ള ഗുണഭോക്താവ് മരണപ്പെട്ടതാണെന്നും ടിയാന്റെ ബന്ധുക്കൾ ഭവനിർമ്മാണം പുനരാരംഭിച്ചതായും ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഭവനനിർമ്മാണം ആരംഭിക്കാത്ത

ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-28 പി.എച്ച്.സിയ്ക്ക് 11,42,465 രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മല്ലപ്പുഴശ്ശേരി നിർവ്വഹണ ഉദ്യോഗസ്ഥനായി മൂന്ന് പ്രോജക്ടുകളിലായി **17,38,780** രൂപ കെ.എം.എസ്.സി.എൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ അടവാക്കിയിരുന്നു. എന്നാൽ **11,42,465** രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. വിശദാംശങ്ങൽ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേരും നമ്പരും	ഡെപ്പോസിറ്റ് ചെയ്ത തുക	ലഭ്യമായ മരുന്നിന്റെ വില	അവശേഷി-ക്കുന്നത്	ബിൽ നമ്പരും തീയതിയും
1	സാന്ത്വന പരിചരണം (01/25)	744780	380047	364733	140/05-09-2024, 262/16-12-2024, 433/10-03-2025
2	പി.എച്ച്.സി-യിലേക്കുള്ള മരുന്നും കൺസ്യൂമബിൾസും (S/O)- (156/25)	500000	141695	358305	90/02-07-2024
3	പി.എച്ച്.സി-യിലേക്കുള്ള മരുന്നും കൺസ്യൂമബിൾസും - (62/25)	494000	74573	419427	289/19-12-2024
	ആകെ	**1738780**	**596315**	**1142465**	

മരുന്നുകൾ യഥാസമയം ലഭ്യമാകാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പാലിയേറ്റീവ് പ്രോഗ്രാമിൽ ഉൾപ്പെടുന്ന രോഗികൾക്ക് മരുന്നും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏറ്റവും അത്യന്താപേക്ഷിതമായ സാഹചര്യത്തിലാണ് ഇപ്രകാരം ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകൾ ലഭ്യമാകാതിരിക്കുന്നത്. ഇത്തരം ഒരു അവസ്ഥ നിലനിൽക്കെ കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നിനായി 2025-26 സാമ്പത്തിക വർഷം വീണ്ടും തുക അടവാക്കിയിട്ടുണ്ട്. നിലവിൽ മറ്റ് ഏജൻസികളിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ പ്രസ്തുത നിർദ്ദേശം നിർവ്വഹണ ഉദ്യോഗസ്ഥൻ പരിഗണിക്കേണ്ടതാണ്. ആയതിനാൽ ഈ വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം- അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. 2022-23 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ തുക ലഭിച്ച് തുടങ്ങി. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021-ലെ OM No.15(2)FC-XV/FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ

പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ.

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09.12.2021-ലെ സ.ഉ.(പി) നം.169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ.ഉ.(സാധാ)നം.2132/2022/LSGD; 31.08.2022 ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/LSGD; 09.08.2023 ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05.07.2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നടപടിക്രമങ്ങൾ പ്രകാരം സ്കീം-3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ്			**ആകെ**	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്			**ആകെ**	ബാലൻസ്
		2022-23	2023-24	2024-25		2022-23	2023-24	2024-25		
1	Support For Diagnostic Infrastructure (KL-278)	239640	643972	282181	**1165793**	213433	36057	613071	**862561**	303232
2	Grant For Rural Health & Wellness Centres (KL-281)	111570	287891	458648	**858109**	107136	24536	262328	**394000**	464109
	ആകെ	**351210**	**931863**	**740829**	**2023902**	**320569**	**60593**	**875399**	**1256561**	**767341**

ഗ്രാമപഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ 1 മെയിൻ സെന്ററും 4 സബ് സെന്ററുകളുമാണുള്ളത്. സ്വന്തമായി കെട്ടിടമുള്ളത് മെയിൻ സെന്ററിനും മൂന്ന് സബ്

സെന്ററുകൾക്കുമാണ്. ഒരു സബ്ബ് സെന്റർ വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

ക്രമ നം.	പ്രോജക്ടിന്റെ പേരും നമ്പരും	വകയിരുത്തിയ തുക	ചെലവഴിച്ച തുക	നിർവ്വഹണ ഉദ്യോഗസ്ഥൻ
2022-23				
1	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-143/23	236447	213433	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുന്നക്കാട്
2023-24				
2	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (New)- 165/24	635000	36057	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുന്നക്കാട്
2024-25				
3	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (New) 206/25	265000	0	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുന്നക്കാട്
4	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S/O) 189/25	620440	613071	

സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

ക്രമ നം.	പ്രോജക്ടിന്റെ പേരും നമ്പരും	വകയിരുത്തിയ തുക	ചെലവഴിച്ച തുക	നിർവ്വഹണ ഉദ്യോഗസ്ഥൻ
2022-23				
1	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഉപകേന്ദ്രങ്ങളിൽ - (New) 144/23	110000	107136	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുന്നക്കാട്
2023-24				
2	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഉപകേന്ദ്രങ്ങളിൽ-(New)-166/24	284000	24536	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുന്നക്കാട്
2024-25				
3	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഉപകേന്ദ്രങ്ങളിൽ-(New) 207/25	452000	0	മെഡിക്കൽ ഓഫീസർ പി.എച്ച്.സി, പുന്നക്കാട്
4	ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഉപകേന്ദ്രങ്ങളിൽ-(S/O) 190/25	262328	262328	

2024-25 സാമ്പത്തിക വർഷം ആവിഷ്ക്കരിച്ച നാല് പ്രോജക്ടുകളിൽ രണ്ട് പ്രോജക്ടുകൾ

മാത്രമാണ് നടപ്പിലായത്. രണ്ട് പ്രോജക്ടുകളിൽ ചെലവില്ല. 7.67 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത സബ്ബ് സെന്ററിന് കെട്ടിടം പണിയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കായി തുക ചെലവഴിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾക്കുമായി ലഭിച്ച തുക യഥാസമയം വിനിയോഗിക്കാത്ത സാഹചര്യത്തിൽ ഗ്രാന്റ് തുക ലാപ്സാകുന്നതാണ്. ആയതിനാൽ ഗ്രാന്റ് തുക കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും സത്വരമായ ശ്രദ്ധ കാര്യക്ഷമമായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിലും ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടാകേണ്ടതാണ്.

1-30 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

ജല ജീവൻ മിഷൻ എന്നത് എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷനിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം 2024 ഓടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജലജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്-

- ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.
- ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങൾ, ജലഗുണനിലവാര പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലെ പദ്ധതികൾക്ക് മുൻഗണന നൽകുക.
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക
- വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തനക്ഷമമായ കണക്ഷനുകൾ നൽകുക.
- കുടിവെള്ള വിതരണത്തിന്റെ ഉടമസ്ഥതാ ബോധം പ്രാദേശികമായി ഉറപ്പുവരുത്തുന്നതിനായി പണമായോ, സാധനസാമഗ്രികളായോ തൊഴിൽ രൂപത്തിലോ ഗ്രാമത്തിലെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.
- വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയ്ക്കും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മൂന്നാം കക്ഷിയായി ശാന്തിഗ്രാം, തിരുവനന്തപുരം എന്ന സ്ഥാപനവും തമ്മിലുള്ള ത്രികക്ഷി കരാർ നം.3046/2021-22 തീയതി 16-10-2021 പ്രകാരം ഒപ്പുവച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

Sl. No.	Heading Description	Amount In Rs.
1	Laying Distribution System	23115748.87

2	Supplying Of Materials	17349634.05
3	FHTC	22050026.38
4	Road Restoration Charges	28201205.00
	Total	90716614.30
	Provision Of GST Payment @ 12%	101602608.02
	Lumpsum Round Off	391.98
	Grand Total	101603000.00

ആകെ പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 1,52,40,450 രൂപയാണ്. 2021-22 സാമ്പത്തിക വർഷം 2,66,754 രൂപ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വിഹിതമായി നൽകിയിരുന്നു.

പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം 2126 ആണ്. ഇതിൽ നിലവിൽ 275 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ നൽകിയതായാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-3/03-11-2025) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി എത്ര മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. വാട്ടർ ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലമൊന്നും വാങ്ങി നൽകിയിട്ടില്ല. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ഇളക്കിയ റോഡുകളെല്ലാം തന്നെ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റ 10.08.2020-ലെ സ.ഉ.(സാധാ)4584/2020/ധനം പ്രകാരം ജലജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഒരു സമഗ്ര ഇടപെടൽ ആവശ്യമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ

പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

മെഡിസെപ്പ് പ്രീമിയം ഒടുക്ക്(റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
11	66000	66000	0	

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	05/2024	3000	3000	0	11/2024-ൽ സ്ഥലംമാറ്റം ലഭിച്ചു

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
	NIL			

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
		NIL			

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2024-25	300000	1	സാന്ത്വന പരിചരണം	300000	0
		163800	45	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	163800	0
		80000	47	ലൈഫ് ഭവന നിർമ്മാണം-ജനറൽ	80000	0
		200000	52	വന്യ മൃഗ ശല്യത്തിനെതിരെ വേലി നിർമ്മാണം	200000	0
		80000	70	ലൈഫ് ഭവന നിർമ്മാണം-എസ്.സി.പി	80000	0
		249159	97	നെൽകൃഷി വികസനം	249159	0
		21191	123	വന്യമൃഗശല്യത്തിനെതിരെ വേലി നിർമ്മാണം	21191	0
		62668	151	ടേക്ക് എ ബ്രേക്ക്	62668	0
		79900	172	നെല്ലിക്കാല പതാലിൽ ലക്ഷം വീട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ	79900	0
ആകെ		**1236718**			**1236718**	
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	1	സാന്ത്വന പരിചരണം	100000	0
		148174	11	അങ്കണവാടി അനുപൂരക പോഷകാഹാരം ജനറൽ	148174	0
		82765	45	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	82765	0
		410000	47	ലൈഫ് ഭവന നിർമാണം-ജനറൽ	410000	0
		192909	52	വന്യമൃഗ ശല്യത്തിനെതിരെ വേലി നിർമ്മാണം	192909	0
		256457	70	ലൈഫ് ഭവനനിർമ്മാണം-എസ്.സി.പി	256457	0
		12500	75	പാലിന് സബ്സിഡി	12500	0
		230000	97	നെൽകൃഷി വികസനം	230000	0

	260000	114	ലൈഫ് ഭവനപദ്ധതി ജനറൽ	260000	0
	240000	115	ലൈഫ് ഭവനപദ്ധതി എസ്.സി.പി	240000	0
	95421	121	നെൽകൃഷി വികസനം	95421	0
	85269	123	വന്യമൃഗശല്യത്തിനെതിരെ വേലി നിർമ്മാണം	85269	0
ആകെ	2113495			2113495	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KWA	നെല്ലിക്കാല പതാലിൽ ലക്ഷം വീട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ (172/25)	89900	89900	0
	വെങ്ങോലിമുരുപ്പ് കുടിവെള്ള പദ്ധതിക്ക് സ്റ്റോറേജ് ടാങ്ക് നിർമ്മാണം (89/25)	720000	0	720000
	പൊതുടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജ്	48290	0	48290
ഭൂജല വകുപ്പ്	വിവിധ വാർഡുകളിൽ കുഴൽകിണർ നവീകരണം, നിർമ്മാണം (180/25)	74000	22000	52000

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവനപദ്ധതി	3181496	1430000	880656		3730840

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-5, 2-6	2016-17	അദ്ധ്യായം 2	തൊഴിൽ നികുതി കുറവ്	പരാമർശം നിലനിൽക്കുന്നു.
2015-16	2-4, 2-5	2016-17	അദ്ധ്യായം 2	തൊഴിൽ നികുതി കുറവ്	പരാമർശം നിലനിൽക്കുന്നു.
2019-20	1-12	2021-22	അനുബന്ധം 1	വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയത്	നികുതി പുനർ നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.
2019-20	1-15	2020-21	1-2 അനുബന്ധം-2	മരുന്ന് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടുകൾ-മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല	മരുന്നുകൾ ലഭ്യമായിട്ടുണ്ട്
2021-22	1-22	2021-22	അദ്ധ്യായം-1 1-9	ടേക്ക്-എ-ബ്രേക്ക് പദ്ധതിയുടെ നിർമ്മാണം പാതി വഴിയിൽ നിലച്ചു	നിലവിൽ കെട്ടിടം പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ	37086583	81434342
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	28564535	81151993
വരവിനങ്ങളിലുള്ള നഷ്ടം	-	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	94000	

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	94000	ശ്രീമതി അഖില വി., വില്ലേജ്

		എക്സ്റ്റൻഷൻ ഓഫീസർ-1
ആകെ	94000	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക
1-17	27100

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി അഖില വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അരുവാപ്പുലം പഞ്ചായത്ത്	വലിയവിളയിൽ പടിഞ്ഞാറ്റേതിൽ, തുവയൂർ സൗത്ത് പി.ഒ., തുവയൂർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാനത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
2004-05	എൽ.എഫ്.പിറ്റിഎ.പി11/550/2009 തീയതി 31.12.2009	3-6 (1, 2)
2014-15	കെഎസ്എ.പിറ്റിഎ.പി5/734/2016 തീയതി 16.07.2016	5 (2-6, 3-7, 3-10, 3-11, 3-13)
2015-16	കെഎസ്എ.പിറ്റിഎ-പി5/1451/2016 തീയതി 16.01.2017	3 (2-4, 3-6, 3-8)
2016-17	കെഎസ്എ.പിറ്റിഎ-പി9/1071/2017 തീയതി 13.09.2017	1 (3-3)
2017-18	കെഎസ്എ.പിറ്റിഎ-പി7/1562/2018 തീയതി 13.09.2018	3 (3-2, 3-4, 3-5)
2018-19	കെഎസ്എ.പിറ്റിഎ-പി5/1005/2019 തീയതി 05.12.2019	6 (1-12, 1-14, 1-16, 1-18, 1-19, 1-22)
2019-20	കെഎസ്എ.പിറ്റിഎ-പി5/277/2021 തീയതി 23.04.2021	11 (1-11, 1-12, 1-13, 1-15, 1-19, 1-20, 1-21, 1-22, 4-1, 4-2, 4-10)
2020-21	കെഎസ്എ.പിറ്റിഎ-പി5.343/2022 തീയതി 5.5.22	11 (1-11, 1-13, 1-14, 1-16(1)(2), 1-17(a), 1-19, 1-20, 1-22, 1-25, 1-26, 1-30)
2021-22	കെഎസ്എ.പിറ്റിഎ-പി5/1202/2022	6 (1-12, 1-15, 1-18,

	തീയതി 06-12-2022	1-21, 1-23, 1-25)
2022-23	കെഎസ്എ.പിറ്റിഎ-പി5/962/2023 തീയതി 16-10-2023	11 (1-4, 1-13(1, 2), 1-15, 1-16, 1-28, 1-29, 1-30, 1-31, 1-33, 1-34, 1-35)
2023-24	കെഎസ്എ.പിറ്റിഎ-പി5/988/2024 തീയതി 07-10-2024	11 (1-1-3, 1-1-4, 1-1-9, 1-17, 1-18, 1-19, 1-20, 1-23, 1-24, 4-7, 4-10)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 10-06-2025 and submitted on 18-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the MALLAPPUZHASSERY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of MALLAPPUZHASSERY Grama Panchayat as on 31-03-2025

Date: 26/11/2025

Deputy Director
District Office Pathanamthitta
Kerala State Audit Department

Audit Report appended to the Audit Certificate of MALLAPPUZHASSERY Grama Panchayat for the Year 2024-2025 .

1.Major Observations

The asset value shown in balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. Basic Ratios and Notes on Important Accounting Policies as per Kerala Panchayat Raj Accounting Rules 2011, Rule 62, are not included in the AFS.

2. Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

4. An amount of Rs 236447 has been shown as assets in Schedule B17- 450240139-Fund in Bank Account of National Health Mission. However, such an account does not actually exist.

5. In the absence of necessary documents, the authenticity of amounts shown in 341300101-Deposit works-others head in Schedule B8 could not be ascertained.

6. The demand, collection, and balance amounts of profession tax and licence fees do not match
the amounts recorded in the respective registers.

7. Lapses in making timely and accurate demand entries in respect of tax and non tax revenue.

8. Sanchaya DCB does not match with Financial Statements.

9. Social security pension expenditure details from Sevana software does not match with Financial Statements.

10. Under Schedule B.11(b), part bills amounting to 12,22,548 have been issued for various works,
but only 3,48,263 has been shown under the head Capital Work in Progress.

11. Since the advance register has not been properly updated, it was not possible to verify the
correctness of the amounts advanced to the Kerala Water Authority, KSEB, and the Ground Water Department.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്